
# CARNIVOROUS PLANTS



**R. V. Ibrahim,**
**III B. Sc. (Botany)**

Plants have an outstanding position in the world of living beings. The root cause is that they are having the unique capacity to manufacture food for the existence of all kinds of life including even human life. And it is their monopoly to purify the atmosphere by absorbing carbon dioxide from it and releasing from their body an almost equal volume of oxygen. The labour of purifying the atmosphere and manufacture of food is done by the green plants.

We are unable to deny the fact that certain plants do not have the capacity to manufacture food even for their own existence. They are called parasites for they are dependent upon other living beings for their food. Cuscuta is a "Macbeth" who is ready even to destroy a loving host. Loranthus and Cassytha are not so boorish because they are only partially dependent on their hosts. There are some fungi and bacteria who deserve our sympathy who are saprophytes living at the mercy of dead and decaying organic matters.

The dependence of the plants on other plants and dead and decaying organic matters can be tolerated. But can we put up with the tendency of the plants to kill the animals mercilessly and enjoy a non-vegetarian food? But the plants do not care a pin. There are several plants who are leading a carnivorous life.

Formerly it was believed that there are huge plants who can kill even human beings. Some writers had even explained the imaginary morphology of these imaginary plants. But most of these tales have been proved to be baseless!

Carnivorous plants are known to capture, lower animals of various kinds, particularly insects. They digest the pray and absorb the nitrogenous products from their body. Being green in colour they can manufacture their own food. In India itself we have some thirty species of carnivorous plants. Altogether there are some 450 species representing 15 genera belonging to five or six families.



Fig. 1. Drosera.




Fig. 2. Butter wort




Fig. 3. Dionaea.




Fig. 4. Nepenthes.



Fig. 5. Utricularia.

Of the carnivorous plants Drosera (see Fig. I), a cosmopolitan type occupies a higher position. They are small herbs which are known as Sundew plants. Each leaf is covered on the upper surface with numerous glandular hairs known as tentacles. Each gland which is reddish in colour, secretes a kind of viscous fluid which glitters in the sun like dew drops and hence the name "Sun dew". The gland is sensitive and reacts only to the chemical stimulus t this means that the movement of the tentacles is initiated by the presence of nitrogenous substances only. When any insects mistaking the glittering substance for honey alights on the leaf, it gets entangled in the sticky fluid, and the tentacles stimulated by the digestible compounds present in the body of the insect bend down on it from all sides and cover it. When it is suffocated to death the process of digestion begins. All the nitrogenous compounds contained in its body are absorbed. The carbonaceous matters are rejected in the form of waste products.

Now let us turn to another non-vegetarian called Butter wort (see Fig. II). The only species found in India is Pingucula alpina which grows in mossy beds in the alpine Himalayas. They are small herbs with a scanty development of roots. The surface of the leaf is covered with numerous glands. When any small insect alights on the leaf it gets caught by the sticky glands. Stimulated by the presence of proteins in the insect body, the margins of the leaf roll inwards enclosing it. The protein are digested and absorbed by the plant. Then the leaf unrolls again.

Venus' Fly-trap or Dionoea (see Fig. III), is another interesting carnivorous plant which is a native of America. It is herbaceous in nature and grows in damp mossy places. Each half of the leaf blade is provided with three long pointed hairs — trigger hairs — placed triangularly on the leaf surface. The hairs are extremely sensitive from base to apex. The slightest touch to any of these hairs is sufficient to bring about a sudden closure of the leaf blade, the mid-rib acting as the hinge. The upper surface of the leaf is thickly covered with reddish digestive glands. When the insects sit on the leaf, it closes suddenly and digests the prey by the enzymes (pepsin hydrochloric acid) contained in the glands.

The water plants are not exempted from these exceptional plants. Water fly-trap is a proof for this statement. These plants are found in plenty in the salt-lates of the Sunderbans. It is found in several tanks in Maniput. This plant may be regarded as a miniature Dionaea in some respects. The mechanism for catching the prey is practically the same as that of Dionaea.

The pitcher plant or Nepenthes (see Fig. IV), another carnivorous plant, is found in Khasi in North East India. They are climbing undershrubs or herbs which often climb by means of the tendrillar stall of the leaf. The pitcher itself is the modification of the leaf blade, the tendrillar stalk supporting the pitcher Is the modification of the petiole, and the laminated structure that of fhe leaf base. There is a lid at the mouth of the pitcher. Inner surface of the pitcher is studded with glands and downwardly pointed hairs. The innerside of the pitcher is brightly coloured. The insects mistaking the pitcher for a flower enter, slip down and get drowned in fluid in the pitcher. After the death of the animal digestion takes place.

A common carnivorous plant of India is Utricularia known as Blakder wort (see Fig. V). They are mostly floating or slightly submerged, rootless. aquatic herbs; there are a few terrstrial species also. Leaves are segmented and some of their segments become transformed into bladders. The bladder is provided with a trap-door entrance, which can be pushed open inwards but never from inside to outside. When the aquatic animals enter the bladder they are trapped and become a feast for the plant.

However the various parts of the carnivorous plants are modified so as to facilitate their catching of prey. And it is these modifications that make us more interested in carnivorous plants.

# സിനിമ—ഒരു വിശകലനം

**അബ്ദുന്നാസർ**

ഗുഹാവാസം മുതല്ക്കുതന്നെ മനുഷ്യൻ കലാകൃഷ്ടനാണ്. ഹിമയുഗകാലനിർമ്മിതങ്ങളായ ഗുഹാചിത്രങ്ങൾ അതീവ സുന്ദരങ്ങളത്രേ! പൌരാണികകാലങ്ങളിൽ അറിയപ്പെട്ട അറുപത്തിനാലു കലകളിൽ പകുതിയിലധികവും ഇന്നു് കാലഹരണപ്പെട്ടിരിക്കയാണ്. ഇന്നു് പുത്തൻ രീതിയിലുള്ള കലാവിർഭാവം വളരെ വിരളവുമാണ്. ഓരോ പ്രത്യേകകാലഘട്ടങ്ങളിലും വ്യത്യസ്തകലകൾക്കാണ് പ്രാമുഖ്യം ലഭിച്ചിരുന്നതു്.

മനുഷ്യനെ ഇന്നു് ഏററവുമധികം അടിമപ്പെടുത്തിയിരിക്കുന്ന കലാപ്രസ്ഥാനമത്രെ ചലച്ചിത്രം! അതിനാൽ ഇന്ത്യൻ ചലച്ചിത്രരംഗത്തെ സംബന്ധിച്ചു് അല്പം മനനംചെയ്യുന്നതു് അനൌചിത്യമായിരിക്കില്ലല്ലോ!

ഭാരതത്തിൽ കലാസ്വാദനത്തിനു് മാത്രമായി ജനങ്ങൾ പ്രതിവർഷം നാനൂറുകോടി രൂപയോളം ചെലവഴിക്കുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ടു്. ഇത്രയും ഭീമമായ സംഖ്യയിൽ എഴുപത്തഞ്ചു് ശതമാനത്തോളവും ചെലവിടുന്നതു് സാധാരണക്കാരുമാണത്രേ.—ജീവിതാവശ്യങ്ങൾ നിവൃത്തിക്കാൻ പാടുപെടുന്ന സാധാരണക്കാരും ഒരു ചില്ലിക്കാശും സ്വയം സമ്പാദിക്കാത്ത വിദ്യാർത്ഥികളും, ഖേദകരമെന്നു് പറയട്ടെ തങ്ങൾ ചെലവഴിക്കുന്ന ഈ വമ്പിച്ച സംഖ്യക്കു് പകരമായി നേടുന്നതു് മലിമസമായ ജീവിതവീക്ഷണവും അധഃപ്പതിച്ച സാംസ്കാരികാംശങ്ങളും മാത്രമാണ്. എന്നാൽ ഈ സംഖ്യമുഴുക്കെ ഒഴുകുന്നതാകട്ടെ ഒരു പിടി കുത്തകക്കാരായ പടമുടമകളുടെയും, ആദായ നികുതി വെട്ടിപ്പുക്കാരായ നടീനടന്മാരുടെയും, കള്ളപ്പണക്കാരുടെയും വൻ ഖജാനകളിലേക്കുമാണ്.

പടനിർമ്മാതാക്കളുടെ പണം വാരിക്കൂട്ടുവാനുള്ള വ്യഗ്രതയും മുതലാളിത്തത്തിൻെറ ലാഭേച്ഛയെന്ന നികൃഷ്ടമായ ലക്ഷ്യവും നമ്മുടെ സിനിമയെ അതുവഴി കലയെ–സംസ്കാരത്തെ അധഃപതിപ്പിച്ചിട്ടുണ്ടെന്നുള്ളതു് ഒരു മിതപ്രസ്താവന മാത്രമാണ്. പണക്കൊതിയാൽ നിർലജ്ജം മാംസളമായ ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുകയും ജനങ്ങളുടെ ലൈംഗികവികാരത്തെ സഭ്യതയ്ക്കു നിരക്കാത്ത രീതിയിൽ പടമുടമകൾ ചൂഷണം ചെയ്യുകയും ചെയ്യുന്നു. ഇതിനുള്ള സിനിമാ ഉടമകളുടെ കൈമുതൽ എന്തിനും തയ്യാറായി ചുണ്ടിൽ ലിപ്സ്റ്റിക്കും മിനുക്കി, നഗ്നത മറക്കുന്നതിലുപരി നഗ്നതാപ്രദർശനത്തിന്നായി അല്പം തുണിക്കീറുകൾമാത്രം ഉപയോഗിച്ചു 'വിജയശ്രീലാളിത'രായി വിഹരിക്കുന്ന ഒരു പററം നടീനടന്മാർ മാത്രവുമാണ്. ആധുനികസിനിമ എന്നതിനാൽ കണ്ണിനെ അവിശ്വസിപ്പിക്കുന്ന മായയായ സ്റ്റണ്ടും, ബലാല്ക്കാരങ്ങൾ മുഖേന നഗ്നതാപ്രദർശനവും കാബറേ നൃത്തങ്ങളും പണച്ചാക്കുകളുടെ മേലുള്ള 'സുന്ദരജീവിതവും' ചിത്രണം ചെയ്യുകയെന്നതു് മാത്രമാണെന്നു് പടനിർമ്മാതാക്കൾ പൊതുജനത്തെ ധരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനൊരു പരിധിവരെ ഉത്തരവാദികൾ അത്തരം പടമുടമകളെ സഹർഷം സ്വീകരിക്കുന്ന ആസ്വാദകരാണെന്നു് പറയാതെ തരമില്ല.

സെക്സ്, സ്റ്റണ്ട്, വിലകുറഞ്ഞ ഹാസ്യം എന്നിവയിലൂടെ ബൂർഷ്വാസി ആസ്വാദക രുടെ ആസ്വാദനശേഷിയെ നമ്മുടെ നാട്ടിൽ വിലകെട്ടതാക്കിയിരിക്കുകയാണ്. നമ്മുടെ തല ച്ചോറും കണ്ണുകളും മററു ഇന്ദ്രിയങ്ങളും അവർ സ്വന്തം കീശ വീർപ്പിക്കുവാനും, സ്വന്തം നില ഭദ്രമാക്കാനും ഉപയുക്തമാക്കുകയാണ്. ഇതിൽ നിന്നു നാം മുക്തിനേടേണ്ട സമയം അതിക്രമി ച്ചിട്ടില്ലേ?

ഇത്തരം അസഭ്യതമാത്രം തുളുമ്പുന്ന പട ങ്ങളെ ജനശ്രദ്ധയിൽ പെടുത്തുന്നതിനായി പടനിർമ്മാതാക്കൾ ഉപയോഗിക്കുന്ന ഏററവും വലിയ ഇന്ദ്രജാലമാണ് പത്രപരസ്യം. പടം റിലീസാക്കുന്നതിന് വളരെ മുമ്പുതന്നെ പണം കൊടുത്തു വാങ്ങുന്ന A സർട്ടിഫിക്കററോടെ ഈ സമൂഹവൈരികൾ വൻ പരസ്യങ്ങൾ കുത്തക പത്രങ്ങളിൽ അടിച്ചിറക്കുന്നു. പരസ്യവരുമാ നത്താൽമാത്രം നിത്യവൃത്തി കഴിക്കുന്ന കുത്തക പത്രങ്ങളും, അവരുടെ പിൻബലത്താൽ മാത്രം രക്ഷപ്പെടുന്ന പടനിർമ്മാതാക്കളും കൂട്ടുചേർന്ന് അവരുടെ ചീഞ്ഞളിഞ്ഞ ദുർഗന്ധവാഹി യായ ദ്രാവകം — ചലച്ചിത്രം — സമൂഹത്തി ലൊഴിക്കുന്നു. പടനിർമ്മാതാക്കൾതന്നെ 'സിനി മാനിരൂപണങ്ങൾ' പ്രസിദ്ധീകരിക്കുന്നത് ഇവിടെ അസാധാരണവുമല്ല. റേഡിയോകളും മററും ഇവർക്ക് വേണ്ടുന്നത്ര പ്രചാരണവും നല്കുന്നു. നമ്മുടെ സർക്കാറുകളാകട്ടെ, തങ്ങളുടെ സാമ്പത്തിക നിക്ഷിപ്തതാല്പര്യങ്ങൾക്ക് കോട്ടം തട്ടാതിരിക്കാൻ പടമുടമകളെ സഹായിക്കുന്നു. ജനങ്ങളുടെ സംസ്കാരികവും സാമൂഹ്യവുമായ അധഃപതനം ഇരുകൂട്ടർക്കും ഒരു പ്രശ്നവുമല്ലാതാ വുന്നു.

ഇന്നത്തെ സിനിമകളെ പഴയകാല ചിത്ര ങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആദ്യ കാലത്ത് ധിഷണയോടെ സംവിധാനം ചെയ്ത് പരോക്ഷമായി ഉൾക്കൊള്ളിച്ചിരുന്ന അസഭ്യങ്ങളായ രംഗങ്ങൾ ഇന്ന് തനി പച്ച യായിട്ടാണവതരിപ്പിക്കുന്നത് എന്ന് കാണാം. പണ്ടത്തെപ്പോലെ സാമൂഹ്യകഥകൾ ഉൾക്കൊ ള്ളുന്ന പടങ്ങൾ ഇന്ന് ദുർലഭമാണ്. ചല ച്ചിത്രങ്ങൾ വെറും 'എൻറടർ ടെയിനു'ക ളായി മാത്രം തരംതാഴ്ത്തപ്പെട്ടിരിക്കുകയുമാ ണല്ലോ ഇപ്പോൾ. സിനിമാ പാട്ടുകളെക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം.

നിലവിലുള്ള വ്യവസ്ഥിതിയെ—ഭരണവർഗ്ഗ ത്തിൻെറ താൽപര്യത്തെ—സംരക്ഷിക്കുവാനും അതിൻെറ കാവൽപട്ടികളായി കിടക്കാനുമുള്ള ചുമതല പടമുടമകൾ സ്വയം ഏററെടുത്തിരി ക്കുകയാണിന്ന്. സാമൂഹ്യപ്രശ്നങ്ങളുടെ നേരെ കണ്ണടക്കാനും യാഥാർത്ഥ്യങ്ങളിൽ നിന്നൊളി ച്ചോടാനും യുവതലമുറയെ പ്രേരിപ്പിക്കുകയും അതുവഴി അവരുടെ ചിന്താസരിത്തിനെ വഴി തെററിക്കാനുമുള്ള ബോധപൂർവ്വമായ ഒരു ശ്രദ്ധ ശ്രമമാണ് ചലച്ചിത്രവ്യവസായികൾ ഇന്ന് മെനെഞ്ഞെടുക്കുന്നത്.

ഒരു വേള ബംഗാളിസിനിമ വളരെയേറെ മുന്നോട്ട് പോയിരിക്കുന്നു. അവതരണത്തിലും പ്രമേയാവിഷ്കരണത്തിലും 'റേപടങ്ങൾ' ഇന്ത്യൻ ചലച്ചിത്രവേദിക്കു മുമ്പിൽ ഒരു നവ പന്ഥാവുതന്നെ ഒരുക്കിക്കൊടുക്കുന്നു. 'കല്ക്കത്ത 70' എന്ന സമർസെന്നിൻെറ ചിത്രം ബംഗാ ളിൻെറ 70 കളിലെ യഥാർത്ഥനിഴലാണ്. നട്ടെല്ലോടടുത്തു വയറും കത്തുന്ന മനസ്സുമായി ജീവിക്കുന്ന ജീവച്ഛവങ്ങളെ — സാധാരണ ക്കാരെ — ബംഗാളിയൻ സിനിമയിലൂടെ നമുക്ക് ദർശിക്കാൻ കഴിയുന്നു. ബംഗാൾ ചല ച്ചിത്രങ്ങൾ യാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശുകയാണ് ചെയ്യുന്നത്—കുറെക്കൂടി ഗഹ നമായി ജീവിതപ്രശ്നങ്ങളെ സ്പർശിച്ചുകൊണ്ട് ബംഗാളിസിനിമ വളരാനിരിക്കുന്നു.

എന്നാൽ മറുവശത്ത്, ഇന്ത്യൻ സിനിമാ വേദിയുടെ ന്യൂക്ലിയസ്സായ 'ഇന്ത്യൻ ഹോളി വുഡായി' അറിയപ്പെടുന്ന ബോംബേയിൽ കാര്യങ്ങൾ നേരെ മറിച്ചാണ് നടക്കുന്നത്. ഹിന്ദി സിനിമകൾ ഏറിയകൂറും വിദേശ ചിത്രങ്ങളുടെ തനിപ്പകർപ്പാണ്. ഇതിന്നൊരു നല്ല ദൃഷ്ടാന്തമാണ് 'ഖൂൻ, ഖൂൻ'. പലഹിന്ദി പടനിർമ്മാതാക്കളുടെ പേരിലും 'കലാപഹ

രണ്ട'ത്തിന്' വിദേശ ചലചിത്രമുതലാളിമാർ വ്യവഹാരം കൊട്ടത്തിട്ടുള്ളതിവിടെ പ്രസ്താവ യോഗ്യമാണ്'.

സോദ്ദേശകല എന്നു കേറംക്കുമ്പോറം ചെകിട്' പൊത്തുന്ന ബുദ്ധിജീവികളായി സ്വയം നടിക്കുന്ന ഒരു കൂട്ടം ഉപരിവർഗ്ഗങ്ങളിലെ കലാകാരന്മാർക്കുപരിയായി ഇന്ത്യയിലെ അക്ഷരാഭ്യാസമില്ലാത്ത ഭൂരിപക്ഷമായ അറുപതു' ശതമാനം ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ സാംസ്കാരികവും, വിദ്യാഭ്യാസപരവും, കലാപരവുമായ വികാസങ്ങറംക്ക്' ഉതകുന്നതായി സിനിമയല്ലാതെ മറെറാരു കലാപ്രസ്ഥാനം അവശേഷിക്കുന്നില്ല.

അർദ്ധഫാസിററ്' സ്വഭാവമുള്ള നമ്മുടെ സക്കാരും അവരുടെ ഭരണവണ്ടി ഡ്രൈവർമാരായ ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും ചലച്ചിത്ര വ്യവസായം ഏറെറടുത്തു നടത്തുകകൂടിയാണെങ്കിൽ ഒരു വേള വെറും നാലാംകിട പ്രചരണയന്ത്രമായി ഈ കലയെ അധഃപതിപ്പിച്ചേക്കും. ഫിലിംഡിവിഷൻ ജീവിക്കുന്നവരെ കുറിച്ച്', പതിനഞ്ചുമിനിട്ട്' നീണ്ടുനില്ക്കുന്ന ഡോക്യുമെൻററികറം തെരഞ്ഞെടുപ്പ്' കാലത്തു' ഇറക്കുന്നതിൽനിന്നുമതാണ്' നമ്മറം മനസ്സിലാക്കേണ്ടതു'.

ഇത്രയും പറഞ്ഞതിൽനിന്നും ഒരു പാരലൽ സിനിമ പ്രസ്ഥാനം ഇവിടെ വളൻവരേണ്ടതിൻെറ ആവശ്യകത വ്യക്തമാകുന്നുണ്ടല്ലോ. ഏകദേശമതേ രീതിയിൽ, മലയാള ചലച്ചിത്രവേദിയിൽ അസഭ്യതാധൂമപടലങ്ങളിൽനിന്നു' വിമുക്തിനേടി ചില രജതരേഖകറം ഈയിടെ തെളിഞ്ഞുവരുന്നുണ്ടെന്നുള്ളതു' പ്രത്യാശാജനകമാണ്'.

അസാമാന്യ ശില്പചാതുരിയോടെ, രചനാവൈഭവത്തോടെ, പുതുമയോടെ കുറച്ചു വാക്കുകളിൽ ശ്രീ: അടൂർഗോപാലകൃഷ്ണൻ രചിച്ച കവിത—'സ്വയംവരം'—ഒരു വഴിത്തിരിവിൻെറ കാഹളമോതുന്നു.

പോയകാലത്തിൻെറ ജീർണ്ണിച്ച അമ്പലങ്ങളുടെ, നഷ്ടവിശ്വാസങ്ങളുടെ, ആരാധകനായിരുന്ന ഒരു വെളിച്ചപ്പാടിനെകൊണ്ട്' അവസാനം സാമൂഹ്യാസമത്വങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും മൂർത്തീകരണമായ ദേവീവിഗ്രഹത്തിൻെറ മുഖത്തു' കാർക്കിച്ചു തുപ്പാൻ പ്രേരിപ്പിച്ച എം. ടി.യുടെ 'നിർമ്മാല്ല്യം' 'സ്വയംവരത്തെക്കാളേറെ' ഒരു പടികൂടി സ്വാഗതാർഹവും പ്രശംസനീയവുമാണ്'.

ഒന്നുകൂടി തറപ്പിച്ചുപറയട്ടെ, ശാസ്ത്രീയ സോഷ്യലിസമംഗീകരിച്ചു മുന്നേറുന്ന രാഷ്ട്രങ്ങളിലേയോ, സോഷ്യലിസത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തിയിരിക്കുന്ന രാഷ്ട്രങ്ങളിലേയോ സിനിമകളിൽ സെക്സ്സും, സ്റ്റണ്ടും, കാബറ നൃത്തങ്ങളുമല്ല പകരം ജനങ്ങളുടെ സാംസ്കാരിക–സാമൂഹിക പ്രതിഭാമണ്ഡലത്തെ വികസിപ്പിക്കുന്ന ദൃശ്യങ്ങളാണ്' നാം കാണുന്നതു'.

ഇത്രയും പറഞ്ഞതിൻെറ പൊരുറം സിനിമയായാലും മറേറതു' കലാപ്രസ്ഥാനമായാലും അവ ഒരു ന്യൂനപക്ഷത്തിൻെറ ലാഭേച്ഛയുടെ കേന്ദ്രമായധഃപതിക്കാതെ ബഹുഭൂരിപക്ഷത്തിൻെറ സ്വരവും നിറവും നിറഞ്ഞുനിന്നു, അവരുടെ ഉന്നമനത്തെ, ലക്ഷ്യമിടുന്ന ബിന്ദുവായിരിക്കണം എന്നതാണ്'. അതിനായി നമ്മുടെ യുവചിന്താസരിത്തിനെ അന്ധകാരത്തിലേക്ക്' തിരിച്ചുവിടുന്ന ക്രൂരപാണികളെ സംഹരിച്ചു, അന്ധകാരയുഗസംഹാരത്തിനുതകുന്ന കലാപ്രസ്ഥാനത്തെ, അതിൻെറ ഉപാസകരെ പ്രോത്സാഹിക്കുക അഭിനന്ദിക്കുക. അസഭ്യത തുളുമ്പിനില്ക്കുന്ന ചിത്രങ്ങറം കണ്ടു മരവിച്ച നയനങ്ങളേയും, മനസ്സിനേയും നവരൂപഭാവങ്ങളുറം ക്കൊള്ളുന്ന സിനിമാസ്വാദനത്തിനായി രൂപപ്പെടുത്തുക.

# ജീവിതം ഒരാവർത്തനമാണ്

ടി. പി. ഫഖ്റുന്നിസ, II B. Sc. (Zoology)

[അനേകങ്ങളെക്കുറിച്ചല്ല; ഒന്നിനെക്കുറിച്ചാണീലേഖനം. ആധുനിക മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ ഒരു കാഥികന്റെ ശ്രദ്ധേയമായ ഒരു കഥയെക്കുറിച്ച്.]

''—മരണം ജീവിതംതന്നെയാണ്. മരിച്ച മനുഷ്യൻ വീണ്ടും മരിക്കും. ചിതയിൽ ദഹിക്കുന്നതിനു പകരം ഗർഭപാത്രത്തിൽ ചെന്ന് കുഞ്ഞായിരിക്കും. ചിതയിൽ ദഹിക്കുന്നു. ഗർഭപാത്രത്തിൽ കുഞ്ഞായി കിടക്കുന്നു. എത്രയോ തവണ താൻ ചിതയിൽ കത്തിയെരിഞ്ഞിരിക്കുന്നു. എത്രയോ തവണ താൻ ഗർഭപാത്രത്തിൽ കുഞ്ഞായവതരിച്ചിരിക്കുന്നു. ജീവിതം ഒരാവർത്തനമാണ്. ചിതകളുടേയും ഗർഭപാത്രങ്ങളുടെയും തീരാത്ത ഘോഷയാത്ര . . . .''

— നല്ലൊരു കഥാകൃത്തിന്റെ നല്ലൊരു കഥ. അനുകരണീയമല്ലാത്ത ആഖ്യാനപാടവത്തോടെ, നിസ്തുലമായ രചനാവൈചിത്ര്യത്തോടെ, അതിശായിത്വം നല്കുന്ന ശൈലിയോടെ, കൊടിയ ചടുലതയോടെ, ആനുസ്യൂതമായ ഒഴുക്കോടെ, ഒതുക്കത്തോടെ, ഏകാഗ്രതയോടെ, സീമാതീതമായ വാചാലതയോടെ, ആധുനിക മലയാളസാഹിത്യത്തിലെ ശ്രദ്ധേയനായ കാഥികൻ—എം. മുകുന്ദൻ—മലയാള ചെറുകഥാരംഗത്ത് ഒരു പുതിയ നക്ഷത്രത്തിനു കൂടി ഉദയം നല്കിയിരിക്കുന്നു, ''ചിതകളുടെയും ഗർഭപാത്രങ്ങളുടെയും ഘോഷയാത്ര.''

ഇതേവരെ പത്തറുപതോളം കഥകളെഴുതിയിട്ടുള്ള മുകുന്ദൻ നാലഞ്ചു വർഷങ്ങൾക്കു മുൻപാണ് ഈ കഥയെഴുതിയത്. അനേകം യുഗങ്ങളോളം പഴക്കമുള്ള ഒരു ദർശനത്തിന് അദ്ദേഹം ഈ കഥയിലൂടെ പുതിയൊരു രൂപം നല്കിയിരിക്കുന്നു. ജീവിതം ഒരാവർത്തനമാണെന്നും, അസ്തിത്വത്തിന്റെ പൊരുളാരാഞ്ഞു് ജീവിതം വ്യർത്ഥമാണെന്നും, വലിയൊരു ലോകത്തെ അത്ഭുതപ്പെടുത്തുന്ന ഒരത്ഭുതമാണ് മനുഷ്യനെന്നും അദ്ദേഹം തന്റെ മററു കഥകളിൽനിന്നും വ്യത്യസ്തമായി ഇതിലൂടെ സിദ്ധാന്തിക്കുന്നു. അദ്ദേഹത്തിന് അസ്തിത്വബോധം ഒരു കടംകഥയായിരുന്നില്ല; മനുഷ്യനിന്നോളം അഭിമുഖീകരിക്കേണ്ടി വന്ന ഏററവും വലിയൊരു പ്രശ്നമായിരുന്നു.

## ആരംഭവും അവസാനവും

''അയാൾ പുലച്ചെ് എഴുന്നേററ് ഭൂമിയെക്കുറിച്ച് ചിന്തിക്കാൻ ശ്രമിച്ചു; എല്ലാം ആകെ ഭാവനയിൽ കാണാൻ ശ്രമിച്ചു. എന്തൊരു മഹാത്ഭുതമാണിതു്! അത്ഭുത പരതന്ത്രനായി കിടക്കുമ്പോൾ നാലുനാഴിക അകലെയുള്ള തന്റെ കാമുകി ബേബിയുടെ ശബ്ദമയാൾ കേട്ടു, ''ഇപ്പോൾ ഞാനവിടെ എത്തും''. അവൾ വന്നാൽ ഭൂമിയില്ലെന്നും ലോകത്തേക്കാൾ വലിയ അത്ഭുതമായി അവൾ അവശേഷിക്കുമെന്നും അയാൾക്കറിയാമായിരുന്നു. അവളൊരുമിച്ച് ഉച്ചവരെ കഴിഞ്ഞു. അതിനിടയിൽ, അയാൾക്ക് അവളുടെ കാലടികളെക്കുറിച്ച് മാത്രമെ ആലോചിക്കാനുണ്ടായിരുന്നുള്ളു. ഒരു കാലത്തയാൾക്ക് അവളുടെ കൈകളായിരുന്നു ഇഷ്ടം. ഇന്നയാൾക്കു വേണ്ടതു് അവളുടെ പാദങ്ങളാണ്. ആ പാദങ്ങളിൽ ചുംബിച്ചു മരിക്കാൻ ആയാളാഗ്രഹിച്ചു. മെഹ്റാലിയിലെ മുഗൾശവക്കല്ലറകളിലേക്ക്

അവളെ കൊണ്ടുപോയി. അവളുടെ കാമുകൻ രമേശിന്റെ കൂടെ അന്നു് ലഞ്ചു് കഴിക്കാൻ അവളെ അനുവദിച്ചുകൊണ്ടയാൾ യാത്ര തിരിച്ചു, ഭൂമിയുടെ അററവും കാത്തു്. ''ഭൂമിയുടെ അററത്തേക്കുള്ള വഴിയേതാണു്?'' അയാളന്വേഷിച്ചു. എല്ലാവരും മിഴിച്ചു നോക്കി. ആകാശവും കാററും നദിയും അയാളെ ലൂനേററിക് എന്നു വിളിച്ചു് കളിയാക്കി. അയാളുടെ പ്രയാണം തുടന്നു . . . .''

—കഥയുടെ രത്നച്ചുരുക്കം ഇതാണു്. 'കഥക്കു വേണ്ട കഥ' ഇതിലില്ലെന്നറിയാം. എങ്കിലും ഒരായിരം അർത്ഥങ്ങളുള്ള, മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുന്ന വാക്കുകളാണിതിലോരോന്നും. എന്നാലിതാണു് ഒരു കഥയുടെ മൂല്യനിർണ്ണയത്തിന്റെ മാനദണ്ഡമെന്നും കരുതുന്നില്ല. ഇതൊരു പ്രണയ കഥയാണു്. സാഹിത്യത്തിന്റെ ജന്മാന്തരങ്ങളോളം പ്രണയം കഥാസാഹിത്യത്തിൽ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുണ്ടു്. എന്നാൽ മററു ചെറുകഥകളിലെപ്പോലെ പ്രണയത്തിന്റെ കസ്സു് മുകുന്ദന്റെ ഇക്കഥയിൽ നിന്നു് നമുക്കനുഭവപ്പെടുന്നില്ല. ''മനുഷ്യസ്വഭാവത്തെ അപഗ്രഥിക്കാനും പഠിക്കാനും ഇഷ്ടപ്പെടുന്നവർ പ്രണയത്തെ ഒരു നല്ല കഥാവസ്തുവായി കാണുന്നു'' എന്ന എം. ആർ. ചന്ദ്രശേഖരന്റെ[1] അഭിപ്രായം മുകുന്ദനെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമാണു്. മരണം എന്ന പ്രശ്നവും അതിന്റെ വിവിധ മുഖങ്ങളും, ജീവിതമെന്ന മൃഗതൃഷ്ണയും, വേശ്യകളും, തോട്ടികളും, കരുന്ന മനസ്സുകളും, ആദർശങ്ങളും സൂക്തങ്ങളും എല്ലാം തന്നെ മുകുന്ദന്റെ പ്രതിപാദനവിഷയങ്ങളായിരുന്നു.

അസ്തിത്വത്തിന്റെ മിഥ്യാഭാവത്തേയും അതിന്റെ പിന്നിലുള്ള ദുരൂഹമായ സത്തയെയും കുറിച്ചുള്ള ബോധം നമ്മിലുണർത്തുന്നു—മുകുന്ദന്റെയീക്കഥ. കാമുകികളോടൊന്നിച്ചു നടക്കുമ്പോൾ മുകുന്ദന്റെ പുരുഷകഥാപാത്രങ്ങൾ പറയുമായിരുന്നു, ജീവിതം സുന്ദരമാണെന്നു്.

1 അവതാരിക—എസ്. കെ. പൊററക്കാടിന്റെ തിരഞ്ഞെടുത്ത കഥകൾ.

'ചിതകളുടെയും ഗർഭപാത്രങ്ങളുടെയും ഘോഷയാത്ര'യിലെ നായകനു് കാമുകി അരികത്തുണ്ടായിരുന്നപ്പോൾ ഇതേ വികാരമാണു് അനുഭവപ്പെട്ടതു്. ഇതിലെ നായകൻ 'ഞാൻ'ലെ രമേശ് നായരെപ്പോലെയാണു് പുലർച്ചവേളകളിൽ മാത്രം ചിന്തിക്കാറുള്ള രമേശ്നായരുടെ മറെറാരു പകർപ്പാണു് ഇയാൾ. ചിത്രം വരക്കുന്നവരെയും കവിതയെഴുതുന്നവരെയും തലയ്ക്കു സുഖമില്ലാത്തവരെന്നു് തന്റെ ഒരു കഥാപാത്രത്തെ കൊണ്ടു്[2] വിളിപ്പിച്ച മുകുന്ദൻ ഇവിടെ ചിന്തിക്കുന്നവരെ ചിത്തരോഗികളായി വിശേഷിപ്പിക്കുന്നു.

''ഒരു നിമിഷം പോലും ചിന്തിക്കാതിരിക്കാൻ കഴിയുമോ? മനുഷ്യന്റെ വലിയൊരു ദുരന്തമാണതു്.''

''ആലോചിക്കാതെ, ജീവിക്കാതെ, ജീവിക്കുന്ന ഒരു കാലം വരട്ടെ എന്നെങ്കിലും. അന്നു മാത്രമെ മനുഷ്യനു് മോക്ഷമുള്ളു.''

''മരിച്ചവർ പാടും, അവർ പാടുക മാത്രമല്ല, ജീവിക്കുകയും ചെയ്യും.'' എന്നിങ്ങനെയുള്ള കേവലാശയങ്ങൾ, വിലാപപ്രഖ്യാപനങ്ങൾ ഇതിലുടനീളം ചിതറിക്കിടക്കുന്ന കണ്ണാടിക്കഷ്ണങ്ങളാണു്.

**"The presence of death at the end of our path has made our future go up in smoke; our life has no future, it is a series of present moments."** മുകുന്ദന്റെ ഈ ചെറുകഥ സാർത്രെയുടെ വാക്കുകളെ ഓർമ്മിപ്പിക്കുന്നു.

''ഇരുട്ടു പരന്നു. കാററു തളർന്നുകിടന്നു. നദി നിശ്ചലമായി. അപ്പോഴും നടന്നുകൊണ്ടിരുന്നു. എത്രയോ മണിക്കൂറുകൾ അങ്ങിനെ നടന്നു. ദിവസങ്ങളും വർഷങ്ങളും കടന്നുപോയി. പ്രയാണം തുടന്നു. അതിനിടയിൽ പലപ്പോഴും ചിതയിൽ ചാരമായി കിടന്നു. ഗർഭപാത്രത്തിൽ കുഞ്ഞായിക്കിടന്നു. കാലത്തിന്റെ ഇരുട്ടിൽ, ചരിത്രത്തിന്റെ പെരുമ്പാറയൊച്ചയിൽ, ചിതകളിലൂടെ, ഗർഭപാത്രങ്ങളിലൂടെ പ്രയാണം ചെയ്തു . . . .'' കഥയവസാനിക്കുന്നു. വാക്കു

2 ഡൽഹി—രാമുണ്ണി—പേജു് 205

കളുടെ വാചകങ്ങളുടെ അനാദിയായ ഒഴുക്ക് അനാദിയും അനന്തവുമായ ഈ ഒഴുക്കിലാണ് മുകുന്ദന്റെ ഇക്കഥയിലെ സൗന്ദര്യം ദർശിക്കപ്പെടുന്നത്. ''നോവൽ എന്ന വൻമരം ചെറുകഥയെന്ന പൂച്ചെടിയെ മാച്ചുകളയുന്നു.'' എന്ന് വിലപിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ മുകുന്ദന്റെ ഈ കഥ ഈ ഒരു വിലാപത്തെ അതിജീവിക്കുന്നു. പപ്പു കൂടടനായ കഥ, മുണ്ഡനം ചെയ്യപ്പെട്ട ജീവിതം, കാക്ക, നാം ജീവിക്കുന്നവരുടെ ലോകം, സിസിഫസ്, തോട്ടി എന്ന ഞാൻ, മുലപ്പാൽ, വനം, സാക്ഷി സമുദ്രം, രാധ . . . . രാധ മാത്രം എന്നീ മലയാളത്തിലെ മികച്ച കഥകൾ രചിച്ച മുകുന്ദന്റെ ഇക്കഥ എന്തുകൊണ്ടും മററുള്ളവയിൽ നിന്ന് ഏററവും മികച്ചതാണ്. ഈ കഥകളിലെ പ്രതിരൂപാത്മകവും ദാർശനികവുമായ അംശങ്ങൾ വായനക്കാരിൽ കെട്ടുപിണഞ്ഞു കിടക്കും, എന്നും.

## അവിടം തൊട്ട്, ഇവിടം വരെ

അസംഭാവ്യതയുംകൊണ്ട പുരാണകഥകളെ ആസ്പദമാക്കിയെഴുതുന്ന ഒ. വി. വിജയൻ, മിസ്റ്റിസിസത്തിന്റെ കലപ്പുംകൊണ്ട കഥകളെഴുതുന്ന സക്കറിയ, അതിഭാവുകത്വം കലരാത്ത കഥകളെഴുതുന്ന പത്മരാജൻ, സദാചാരത്തിന്നെതിരെ ശരങ്ങളെയ്യുന്ന മാധവിക്കുട്ടി, സാമൂഹ്യാചാരങ്ങളോടുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്ന അന്തർജ്ജനം, വയറിനുപകരം ഹൃദയം സംസാരിക്കാൻ തുടങ്ങിയ ഒരു കാലഘട്ടത്തിന്റെ കഥ പറയുന്ന എം. ടി., ഒററപ്പെട്ടവന്റെ പ്രതിഷേധവുംകൊണ്ട കാക്കനാടൻ, ഇവരിൽ നിന്നെല്ലാം വ്യത്യസ്തനാണ് മുകുന്ദൻ. ചെല്ലുന്നിടത്തെല്ലാം, നോക്കുന്നിടത്തെല്ലാം പാപികളും പാപവും മാത്രം കണ്ടെത്തുന്നവരായിരുന്നു, അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. പെരുപ്പിച്ചു പറയൽ (Exaggeration) ഏകാഗ്രത ഇവയായിരുന്നു. അദ്ദേഹത്തിന്റെ കഥകളെ അന്നോളമിന്നോളം കാത്തുസൂക്ഷിച്ചുപോന്നിരുന്നതും.

''കവിതയാണെനിക്കു് ഏററവും ഇഷ്ടപ്പെട്ട സാഹിത്യരൂപം. ആദ്യം ഞാൻ കുറച്ചു കവിതകളെഴുതിയിരുന്നു. എന്നാൽ കുറെച്ചെന്നപ്പോൾ അറിയാതെ ചെറുകഥയിൽപ്പെട്ടുപോകയാണുണ്ടായതു്.'' എം. ടി. പറയുന്നു. എന്നാലാകട്ടെ, മുകുന്ദൻ അറിഞ്ഞുകൊണ്ടുതന്നെ ചെറുകഥയെഴുതാൻ ഒരുമ്പെടുകയാണുണ്ടായതു്, അതാണദ്ദേഹത്തിന്റെ കഥകൾ വ്യക്തമാക്കുന്നതു്.

മലയാളചെറുകഥ ഇന്ന് ആഴ്ചപ്പതിപ്പുകൾ, മാസികകൾ, എന്നിവയുടെ താളുകളിൽമാത്രം ഒതുങ്ങിക്കൂടുകയാണ്. എല്ലാററിലുമെന്നപോലെ, സാമ്പത്തികമായ ചൂഷണം സാഹിത്യരംഗത്തേയും ബാധിച്ചിരിക്കുന്നു. ഒരു നോവലിസ്റ്റിന് ലഭിക്കുന്ന പണത്തിന്റെ പത്തിലൊരംശംപോലും ഒരു കാഥികന് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ എല്ലാവരുടേയും ശ്രദ്ധ നോവലിലാണ്. അന്നോളമിന്നോളമുണ്ടായിട്ടുള്ള കവിതയുടെ സഹൃദയാവജ്ഞ ഇന്ന് കഥകളെയും ബാധിച്ചിരിക്കുന്നു. കഥകളുടെ എണ്ണത്തെച്ചൊല്ലി പരിഭ്രമം കൊള്ളുന്ന ഈ കാലഘട്ടത്തിൽ, അതു് കഥയുടെ മൂല്യനിർണ്ണയത്തെ അസാദ്ധ്യമാക്കിത്തീർക്കുന്നു എന്നു കരുതുന്നതു് ഞൊററാണ്. ഒരു നിശ്ചിതധാരണയോടെ ആ മേഖലയെ സമീപിക്കുക വിഷമകരമാണ്. എന്നാൽ പലരും പല മിഥ്യാധാരണകളുമൊപ്പിച്ചുകൊണ്ടാണ് ആധുനികകഥാസാഹിത്യത്തെ നിരൂപണവിധേയമാക്കുന്നതു്. ആധുനികകഥകളിൽ അനുഭവങ്ങൾക്കല്ല, പശ്ചാത്തലങ്ങൾക്കാണ് പ്രാധാന്യം. അതുകൊണ്ടുതന്നെ ഭാവാത്മകങ്ങളും ആത്മനിഷ്ഠങ്ങളുമാണ് ആധുനികകഥകൾ. ആധുനികകഥകൾ സ്ഥൂലവും ശിഥിലവുമാണെന്നു പറയുന്നതിലർത്ഥമില്ല. ഇന്നത്തെ മലയാളകഥാസാഹിത്യത്തിനു നീളവും വീതിയുമല്ലാവശ്യം, ആഴമാണ്.

## ഭാവനാശാലിയായ എഴുത്തുകാരൻ

വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ 'വാസനാവികൃതി' തൊട്ടു് എം. മുകുന്ദന്റെ

3 കെ. പി. ശങ്കരൻ.

“ചിതകളുടെയും ഗർഭപാത്രങ്ങളുടെയും ഘോഷയാത്ര” വരെയുള്ള കാലഘട്ടത്തിനിടയ്ക്കു് പുറത്തിറങ്ങിയ 1800ഓളം ചെറുകഥാഗ്രന്ഥങ്ങളെ അവലോകനം ചെയ്താൽ ഒന്നു മനസ്സിലാക്കാം, കഥകളുടെ ഉൾക്കാഴ്ച ഒന്നിനൊന്നു് അഭിവൃദ്ധിപ്പെടുകയാണെന്നു്. ഓരോ കാലഘട്ടത്തിലും പുതിയ പുതിയ ഉൾക്കാഴ്ചകൾ രൂപപ്പെടുമ്പോൾ, അതിനു് രൂപം നല്കിയവരെ ആധുനികർ എന്നു് വിശേഷിപ്പിക്കാറുണ്ടു്. ആ കാലഘട്ടം കഴിയുമ്പോൾ അവർ സമകാലികരായി ഭവിക്കുന്നു. ഇത്രയും കാലത്തിന്നിടയ്ക്കു് ഏററവും ശ്രദ്ധേയമായ തലമുറ മുകുന്ദൻേറതാണു്, വിഷാദങ്ങളുടെ ഗാനംമാത്രം പാടാൻ കഴിയുന്ന ഇന്നത്തെ തലമുറ അർത്ഥശൂന്യതയാന്ന പഴയ മാമൂലുകളെ സ്വീകരിക്കാൻ ആധുനികർ തയ്യാറില്ല–അതാണവക്കു വിരോധം സമ്പാദിച്ചുകൊടുത്തതു്. ആധുനികർ പാരമ്പര്യത്തേയും സമൂഹത്തേയും മറക്കുന്നു എന്നതു് പല ബഹളങ്ങൾക്കും കളമൊരുക്കി. സാമൂഹ്യപുരോഗതിയ്ക്കു് സാഹിത്യം ഒരാവശ്യമായി വന്നിട്ടില്ലെന്നും ഭൂരിപക്ഷം പേരും വീട്ടിലിരുന്നു് സമയം പോക്കാൻ കഥ വായിക്കുന്നവരാണെന്നും തന്മൂലം സാഹിത്യം സമുദായോദ്ധാരണത്തിൻേറ ഉപാധി എന്നതിൽ പ്രസക്തിയില്ലെന്നും ഇവർ വിശ്വസിക്കുന്നു. “സാഹിത്യകാരൻ ആരുടെയും അച്ചാരം വാങ്ങിയിട്ടല്ല എഴുതാനിരിക്കുന്ന”തെന്നു് കാക്കനാടൻ സ്വരമുയർത്തിയപ്പോൾ “സാഹിത്യകാരനു് ഇന്നുള്ള കടപ്പാടു് നാം ജീവിക്കുന്ന കാലഘട്ടത്തിൻേറ സവിശേഷതകളായ മയക്കു മരുന്നുകളോടും മററുമാണു് . . . . നാളെ കാലത്തിൻേറ മുഖം കാണുക സോഷ്യലിസത്തിൻേറ ഉദിച്ചുയരുന്ന സൂര്യനിലാണെങ്കിൽ ഞങ്ങൾ ചരസ്സും പെണ്ണുമുപേക്ഷിച്ചു് സോഷ്യലിസത്തെക്കുറിച്ചു് പാടും. “എഴുത്തുകാരൻ കാലത്തിൻേറ അടിമയാണു്”” എം. മുകുന്ദൻ[4] എഴുതി. അദ്ദേഹത്തിൻേറ കഥകളെല്ലാംതന്നെ ഈ അഭിപ്രായത്തിനൊത്തു് രചിക്കപ്പെട്ടവയാണു്. യുവനിരൂപകനായ നരേന്ദ്രപ്രസാദ് ഒരു നിരൂപണമദ്ധ്യേ പറയുന്നതു ശ്രദ്ധിക്കുക:

“ശിഥിലദർശനങ്ങളുടെ നിമ്നോന്നതകളിൽ, ആത്മപീഡയോടെ, അവർ ഭൂതഭാവികളുടെ വിദൂരപ്രഭയിലേക്കു്, ഹ്രസ്വമായ, ക്ഷീണിതമായ കൈകൾ നീട്ടുന്നു. ഈ ആത്മീയലോകത്തിന്മേലാണു്, മുകുന്ദൻ തൻേറ വികാരങ്ങൾ വിന്യസിക്കുന്നതു്. യുവതലമുറ അതുകൊണ്ടാണു് മുകുന്ദനെ ഇഷ്ടപ്പെടുന്നതു്. അവർ തന്നെയാണു് മുകുന്ദനെ സൃഷ്ടിച്ചതും . . . .”

---

4 മലയാളമനോരമ വാർഷികപ്പതിപ്പു്–1970.

# കാവ്യരംഗത്തെ പിക്കാസ്സോ

**നാസ്സർ ടി. പി., Pre-Degree (S3)**

ഏതാണ്ട് 19-ാം നൂററാണ്ടിൻെറ അവസാനംവരെ റൊമാൻറിസിസവും ക്ലാസിസിസവും റിയലിസവും മിസ്റ്റിസിസവും ആംഗലേയസാഹിത്യരംഗത്തെ അടക്കിഭരിച്ചിരുന്നു. എന്നാൽ ഇരുപതാം നൂററാണ്ടിൻെറ തുടക്കം സോഷ്യലിസ്റ്റ് റിയലിസത്തിൻെറ മുന്നോടിയായി റഷ്യൻ ഭാഷയിൽ ഗോർക്കി, റസ്കിൻ തൊട്ട് പടിഞ്ഞാറൻ ഭാഷകളിലേക്കും ഈ പ്രസ്ഥാനം വ്യാപിക്കാൻ തുടങ്ങി. വിപ്ലവാധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കുകയായിരുന്നു സോഷ്യലിസ്റ്റ് റിയലിസ്ററുകളുടെ ലക്ഷ്യം. 'പ്രോലിറേററിയൻ വർഗ്ഗമായി അന്നത്തെ വ്യക്തിനിഷ്ഠസാഹിത്യകാരന്മാർ അധഃപതിച്ചുപോയി' എന്ന് ഗോർക്കി പറഞ്ഞപ്പോൾ 'കല സാമാന്യജനങ്ങളുടേതാണെന്നും അതിൻെറ വേര് ജനതയാണെന്നും അതവരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുകയും സംയോജിപ്പിക്കുകയും ചെയ്യണമെ'ന്നും പുതിയൊരു ശബ്ദം സാഹിത്യരംഗത്ത് മുഴങ്ങിക്കേട്ടു. ക്രമേണ ഇവരുടെ ശ്രദ്ധ നോവലിലേക്കു തിരിഞ്ഞതോടെ കവിത ഒരു വിധം രക്ഷപ്പെട്ടു.

## മാക്സ്പോൻഡെ (Macspaunday)

ഇരുപതാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ — 1930നും 1940നുമിടയ്ക്ക് — യൂറോപ്പിൻെറ വിവിധഭാഗങ്ങളിൽ മതത്തിൻെറ ഏകാധിപത്യവും അസഹിഷ്ണുതയുംമൂലം സാമൂഹ്യാസമത്വങ്ങൾ നിലനിന്നിരുന്നു, പ്രത്യേകിച്ചും പശ്ചിമയൂറോപ്പിൽ. ഈ സാമൂഹ്യാസമത്വങ്ങൾ അവസാനിപ്പിക്കേണ്ടതു് ആവശ്യമാണെന്നുൽഘോഷിച്ചുകൊണ്ട് മാർക്സിയൻതത്വശാസ്ത്രത്തിലാകൃഷ്ടരായ ഒരുകൂട്ടം യുവകവികൾ കാവ്യരംഗത്തേക്കിറങ്ങി. ആദ്ധ്യാത്മികതയ്ക്കെതിരെ ഇവർ തൂലിക പടവാളായുയർത്തി. ലൂക്കാക്സ്, എണസ്റ്റ് ഫിഷർ, പ്ലഖനോവ് എന്നീ പ്രസിദ്ധ മാർക്സിസ്റ്റ്നിരൂപകർ ഇവർക്കു പ്രോത്സാഹനംനല്കാനായി മുന്നോട്ടുവന്നു. എല്ലാ പ്രശ്നങ്ങൾക്കുമുള്ള പോംവഴിയായി ഇവർ മാർക്സിയൻതത്വങ്ങളെ വിലയിരുത്തി. "കമ്യൂണിസ്റ്റുകളുടെ വീക്ഷണത്തിൽക്കൂടി ജീവിതത്തെ യഥാർത്ഥമായി ചിത്രീകരിക്കുക" എന്ന ആഹ്വാനത്തിൽ ആകൃഷ്ടരായി — മാക്നീസ്, സ്പെൻഡർ, ഓഡൻ, ഡെലെവിസ് — എന്നീ യുവകവികൾ. ഇവരെ ഓക്സ്ഫോർഡ് പ്രസ്ഥാനത്തിൻെറ നാലു പടയാളികൾ എന്നു വിളിച്ചുവന്നു. പ്രസിദ്ധനിരൂപകനായ റോയ്കേംവൽ ഇവർക്കു മാക്സ്പോൻഡെ (Macspaunday) എന്ന പരിഹാസപ്പേർ നല്കുകയുണ്ടായി. സ്പാനിഷ് അഭ്യന്തരയുദ്ധക്കാലത്ത് ജനറൽ ഫ്റാങ്കോവിൻെറ നാസി — ഫാസിസ്റ്റ് ശക്തികൾക്കെതിരായി രൂപംകൊണ്ട റിപ്പബ്ലിക്കൻഗവമ്മെണ്ടിൻെറ ഭാഗത്തായിരുന്നു.

സമൂഹത്തിൻെറ ഹൃദയത്തുടിപ്പുകൾ വികാരതീവ്രതയോടെ ആവിഷ്കരിച്ച മയക്കോവിസ്കിയുടെ കവിതകൾ ഇവർക്കാവേശം പകർന്നു. 1930-ൽ ഡെലെവിസിനോടൊന്നിച്ച ഇവർ ഇംഗ്ലീഷ് കവിതാരംഗത്ത് ഒരു നവചലനത്തിനു് ഉൽഘാടനം കുറിച്ചു, വിപ്ലവത്തിൻെറ ദീപശിഖയുമായി. മാനുഷികഭാവങ്ങളിലെ ഓരോ പ്രത്യേകാവസ്ഥയെക്കുറിച്ച്, പ്രത്യേ

കിച്ചം ശിഥിലഭാവങ്ങളെക്കറിച്ച കേവലാശയങ്ങളും, ബന്ധമില്ലാത്ത ഇമേജുകളും ഒന്നിച്ച ഇവർ കവിതകളെഴുതി. കവിത അന്നു് ഏതാനും പ്രസ്ഥാനങ്ങളുമായി സംഘട്ടനത്തിലേർപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. 'ആദർശാത്മകമായ ജീവിതചിത്രീകരണമാണു കവിത'യെന്ന ബേക്കൺ (Bacon) ന്റെയും 'My chief endeavours are to delight the age in which I live' എന്ന ഡ്രൈഡന്റെ (Dryden) യും പ്രസ്താവനകൾ ''ആത്മപ്രകാശനത്തോടൊപ്പംതന്നെ ആസ്വാദകരെയും സന്തോഷിപ്പിക്കുക'' എന്ന താക്കിത്തീർത്തു കവിയുടെ ധർമ്മം. കല കലയ്ക്കു വേണ്ടിയെന്ന വാദം അന്നു് ജനിച്ചിരുന്നില്ല. ഇവരുടെ കവിതാരചനയിൽ ഹോപ്കിൻസും എലിയട്ടും വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. ക്രമേണ സാമാന്യപ്രകൃതിചിത്രണ (Abstractionism) ത്തിന്റെ സ്ഥാനം ധർമ്മോൽബോധനം (Moralism) കയ്യടക്കി, കവിതയിൽ. സാമൂഹ്യപരിഷ്കാരമെന്ന രാസപ്രക്രിയയിൽ കവി ഒരു രാസത്വരകമായിരുന്നു, ഇവർക്കു്. ഒരു പടയാളിക്കു കുതിരയെന്നപോലെ ഒരു കവിയ്ക്കു ഭാഷയും സമർത്ഥമായ ഒന്നായിരിക്കണം എന്നിവർ പ്രസ്താവിച്ചു. സ്റ്റീഫൻ സ്പെൻഡർ (1907–) ഭാവഗീതങ്ങളിലേക്കും, ലൂയിസ് മാക്നീസ് (1907–'63) റേഡിയോ നാടകങ്ങളിലേക്കും, ഡബ്ല്യു. എച്ച്. ഓഡൻ കാവ്യനാടകങ്ങളിലേക്കും തിരിഞ്ഞതോടെ കവിതക്കർഹമായ പ്രാതിനിധ്യം നല്കാനാരും തുനിഞ്ഞില്ല.

എന്തെന്നില്ലാത്ത വിപ്ലവാവേശം കാണിച്ചിരുന്ന സ്പെൻഡർ രണ്ടാം ലോകമഹായുദ്ധത്തിൽ മാക്നീസിനോടൊപ്പം പങ്കെടുത്തു. മനഃശാസ്ത്രപരമായ കവിതകൾ രചിച്ചിരുന്ന അദ്ദേഹത്തിന്റെ ആത്മകഥയായ 'World Within World' സമകാലികസാഹിത്യത്തെക്കൂടി വിലയിരുത്തുന്ന ഒരുത്തമഗ്രന്ഥമാണു്. മാകനീസ്, ബെഡ്ഫോഡ് കോളേജിലെ ക്ലാസിക് അദ്ധ്യാപകനായിരുന്നു. ഓഡന്റെയും സ്പെൻഡറുടെയും സഹപാഠിയായിരുന്ന അദ്ദേഹം രണ്ടാം ലോകമഹായുദ്ധക്കാലത്തു് ഇന്ത്യയിൽ വന്നു. മഹാബലിപുരമായിരുന്നു അദ്ദേഹത്തെ ഏററവും ആകർഷിച്ചതു്. മഹാബലിപുരത്തെക്കുറിച്ചു് അദ്ദേഹമെഴുതിയ കവിതകൾ പ്രസിദ്ധങ്ങളത്രെ. ജോർജ്ജിയൻ കവികളോടു വളരെയധികം താല്പര്യം കാണിച്ചിരുന്ന സെസിൽഡെലെവിസ് വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ കവിതാരംഗത്തു് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരുന്നു. 64-ാം വയസ്സിൽ ഇംഗ്ലീഷിലെ ആസ്ഥാനകവിയായി (പോയററ് ലോറെയ്ററ്) അവരോധിക്കപ്പെട്ടു. നിക്കോളാസ് ബ്ലെയ്ക് എന്ന തൂലികയിൽ അപസർപ്പകനോവലുകളെഴുതിയിരുന്നു. മാർക്സിയൻ കവികളിൽ രാഷ്ട്രീയമായി അഭിപ്രായവ്യത്യാസം ഉണ്ടായിരുന്ന ലെവിസ് അനേകം കാവ്യങ്ങളും ഗദ്യകൃതികളുമെഴുതിയിട്ടുണ്ടു്.

## വെയിത്സിന്റെ കവി

ഇവരുടെ കൃതികളെല്ലാംതന്നെ സാമൂഹ്യാസമത്വങ്ങൾ അവസാനിപ്പിക്കാനുള്ള ആഹ്വാനങ്ങളുംകൊണ്ടതായിരുന്നു. എങ്കിലും സൃഷ്ടിപ്രക്രിയയിൽ ആത്മസത്ത (Subjectivity) യുടെ പ്രാധാന്യത്തെ അവർ നിഷേധിച്ചിരുന്നില്ല. വ്യക്തിത്വത്തിൽനിന്നുള്ള വിമോചനമാണു് സാഹിത്യം എന്ന എലിയററിന്റെ പ്രസ്താവം ഇവരുടെ ശ്രദ്ധയാകർഷിച്ചു. സാഹിത്യരചനയിൽ ഒരു സമീകരണം (Equilibrium) അത്യാവശ്യമാണെന്ന ഘട്ടത്തിലെത്തി. ക്രമേണ ആധുനികജീവിതത്തിൽ മതത്തിന്റെയും ആദ്ധ്യാത്മികതയുടേയും പ്രഭാവം മനസ്സിലാക്കിയതോടെ അവയെ അംഗീകരിക്കുവാൻ ഈ മാർക്സിയൻ കവികൾ തയ്യാറായി. മാർക്സിയൻ തത്വശാസ്ത്രവും, യൂങ്, ഫ്രോയിഡിയൻ സിദ്ധാന്തങ്ങളും ദൈവികാദർശങ്ങൾക്കു വഴിമാറിക്കൊടുത്തു.

വ്യക്തിനിഷ്ഠതയും ദൈവികാദർശങ്ങളും സാഹിത്യത്തിനു് പുതിയൊരു രൂപം നല്കി. ഈശ്വരന്റെ വൈശിഷ്ട്യത്തെ പ്രകീർത്തനം ചെയ്യുന്ന ഇക്കാലത്തെ കവിതകൾ കേവലം

പ്രാർത്ഥനാഗാനങ്ങളായിരുന്നില്ല. ഇതാണ് ദശവർഷക്കാലം സാഹിത്യരംഗത്ത് മുഴങ്ങിക്കേട്ട എപ്പോകാലിപ്റ്റിക് (Apocalyptic) പ്രസ്ഥാനം. 19-ാം വയസ്സിൽ ലോകപ്രസിദ്ധനായിത്തീർന്ന, 'വെയിത്സിൻെറ കവി', 'വൈദികകവി' എന്നിങ്ങനെ നിരൂപകരാൽ വാഴ്ത്തപ്പെട്ട ഡിലൻ തോമസ് (1914-'53) ആയിരുന്നു ഈ കാലഘട്ടത്തിലെ പ്രധാന കവി. മരണത്തെ 'അനശ്വരതയിലേക്കുള്ള എൻെറ പര്യടനം' എന്നു വിശേഷിപ്പിച്ച നിരീശ്വരവാദിയായ, മദ്യപാനിയായ, അസാന്മാർഗ്ഗിയായ ആ യുവകവിയുടെ കവിതകൾ മാർക്സിയൻ കവികൾക്കെതിരായുള്ള ഒളിയമ്പുകളായിരുന്നു. പിന്നീടങ്ങോട്ടുള്ള ഇംഗ്ലീഷ്കവിത കവിയിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന ആത്മാർത്ഥതയുടെ കവിതകളായിരുന്നു. പിന്നീടതു് തുടർന്നുപോകുകയും ചെയ്തു.

## കാവ്യരംഗത്തെ പിക്കാസ്സോ

ജനനംകൊണ്ട് ഇംഗ്ലണ്ടുകാരനും പിന്നീട് അമേരിക്കക്കാരനുമായ ഡബ്ള്യൂ. എച്ച്. ഓഡനായിരുന്നു ഓക്സ്ഫോഡ് പടയാളികൾ എന്നു വിശേഷിപ്പിക്കപ്പെട്ട മാർക്സിയൻ യുവകവികളുടെ സേനാപതി. 'കാവ്യരംഗത്തെ പിക്കാസ്സോ' എന്ന് എല്ലാ നിരൂപകരും ഒരേ ശബ്ദത്തിൽ ആദരിച്ച അദ്ദേഹത്തെ 'ഇരുപതാം നൂററാണ്ടിൻെറ ദാർശനികകവി' എന്നാണ് ക്ലീൻത്ബ്രൂക്സ് അഭിസംബോധനചെയ്തത്. 'എലിയട്ടിനുശേഷം ഇംഗ്ലീഷ് സാഹിത്യം കണ്ടെത്തിയ ഏകകവി' എന്ന് റോബർട്ട് ഗ്രെയ്വ്സ് വിശേഷിപ്പിച്ചപ്പോൾ 'അദ്ധ്വാനിക്കുന്നവൻെറ കവി' എന്ന് ലോകം വിധിയെഴുതി. എന്നാൽ എല്ലാററിനുമുപരിയായി ഒരു ബൂഷ്വാസിയുമായി അദ്ദേഹം മുദ്രകുത്തപ്പെട്ടു.

വൈരൂപ്യത്തിലും സൗന്ദര്യം ദർശിക്കുക — അതായിരുന്നു ഓഡൻെറ അസാധാരണത്വം. താൻ ജീവിക്കുന്ന സമൂഹത്തിൻെറ വൃത്തികേടുകളിലും സൗന്ദര്യം ദർശിച്ച അദ്ദേഹം മാർക്സിയൻ വീക്ഷണത്തിലൂടെയാണ് സാഹിത്യത്തെയും സമുദായത്തെയും ഒരുപോലെ വിലയിരുത്തിയതു്. ഇരുപതാം നൂററാണ്ടിലെ എല്ലാ ദാർശനികപ്രസ്ഥാനങ്ങളുടെയും ഒരാകത്തുകയായിരുന്നു അദ്ദേഹം.

1907-ൽ ഇംഗ്ലണ്ടിലെ യോർക്കിൽ വിസ്റ്റൻ ഹ്യൂഗ് ഓഡൻ (Wystan Hugh Auden) ജനിച്ചു. പിതാവു് ഒരു മെഡിക്കൽ ഓഫീസറായിരുന്നു. ഒരു വയസ്സു തികയുന്നതിനുമുമ്പെ യോർക്ക് വിട്ട് ബർമിങ്ഹാമിലേക്കു പോകേണ്ടിവന്നു. തന്മൂലം ജന്മനാടിനെക്കുറിച്ച് അജ്ഞാതനായിരുന്നു ഓഡൻ.

"....അപരാഹ്നങ്ങളിൽ, കൊച്ചുഅണക്കെട്ടുകൾ നിർമ്മിച്ച്, അവ നിമിഷംകൊണ്ടു തകർക്കുകയെന്നതു് എൻെറ ബാല്യകാലത്തെ ഏററവും ഹൃദ്യമായ വിനോദമായിരുന്നു......" അദ്ദേഹം എഴുതി. മാതാപിതാക്കളുടെ അതിരററ സ്നേഹവാത്സല്യങ്ങളെക്കുറിച്ച് ഓഡൻ 'ഐസ്‌ലാൻറിൽനിന്നുള്ള കത്തുകൾ' എന്ന കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്. ബാല്യകാലത്തെ ഓഡൻെറ ഉററസുഹൃത്തായിരുന്നു, ക്രിസ്റ്റോഫർ ഇഷർവുഡ്. പിന്നീടു സാഹിത്യരചനയിൽ ഓഡൻെറ ഉപദേഷ്ടാവുമായിത്തീർന്ന അദ്ദേഹം. സെൻറ് എഡ്മണ്ട്സ് സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഇഷർവുഡുമായി പരിചയപ്പെട്ടതു്. പതിനേഴാം വയസ്സിൽ ഓക്സ്ഫോഡ് ക്രൈസ്റ്റ് ചർച്ച് കോളേജിൽ പഠിച്ചുകൊണ്ടിരിക്കെ ഒന്നാമത്തെ കവിത പ്രസിദ്ധീകൃതമായി. 1928-ൽ ബർലിനിലെത്തിയ അദ്ദേഹം ജർമ്മൻഭാഷയിൽ കുറച്ചു കവിതകളെഴുതിയിരുന്നു. ഇരുപത്തിമൂന്നു തികഞ്ഞപ്പോൾ ഓഡൻ സ്കോട്ട്ലണ്ടിലെ ഹെലൻസ്ബർഗ്ഗിൽ ലാർച്ച്ഫീൽഡ് അക്കാഡമിയിൽ സ്കൂൾമാസ്റ്ററായിത്തീർന്നിരുന്നു. ഈയിടയ്ക്കു് അതുവരെ പ്രസിദ്ധീകരിക്കപ്പെട്ട കവിതകളെല്ലാംകൂടെ ഒരു പുസ്തകരൂപത്തിൽ പ്രത്യക്ഷപ്പെട്ടു — പോയംസ് — ഈ ഒന്നാമത്തെ കൃതികൊണ്ടുതന്നെ എല്ലാവരുടെയും ശ്രദ്ധയാകർഷിക്കാൻ ഓഡനു കഴിഞ്ഞു.

## പ്രോലിഫിക്റൈററർ

1930 മുതൽ 1939വരെ വളരെയധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻേറതായി പ്രസിദ്ധീകരിക്കപ്പെട്ടു. മിക്കതും കാവ്യനാടകങ്ങളായിരുന്നു. ഇങ്ങനെ കാവ്യരചനയിൽ അദ്ദേഹം ഒരു പ്രോലിഫിക്റൈററർ (Prolific Writer) ആയിത്തീർന്നു. ഇക്കാലത്തു് ബൻജമിൻ ബ്രിട്ടൻെറ ഫിലിംയൂനിററിൽ സഹകരിച്ചു കുറച്ചു് പടങ്ങൾ പുറത്തിറക്കി. 'Night Mail' ഇവയിൽ പ്രസിദ്ധമാണു്. ഐസ്‌ലാണ്ടു്, സ്പെയിൻ, ചൈന എന്നിവിടങ്ങളിലേക്കദ്ദേഹം പര്യടനം നടത്തി. ഡാ: ഫാസ്റ്റസ്, ബുഡോൺബ്രൂക്സ് എന്നീ മഹോത്തരകൃതികളുടെ കർത്താവും, 1929–ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനാർഹനമായ ജർമ്മൻ സാഹിത്യകാരൻ തോമസ്‌മാൻെറ പുത്രി എറികയെ അദ്ദേഹം വിവാഹംചെയ്തു. സകല എഴുത്തുകാരെക്കുറിച്ചും പ്രത്യേകിച്ചു് സ്വപിതാവിനെക്കുറിച്ചും ഭർത്താവിനെക്കുറിച്ചും നല്ല മതിപ്പു് പ്രകടിപ്പിച്ചിരുന്ന ഇവർ, അദ്ദേഹം ഓക്സ്ഫോഡു് സർവ്വകലാശാലയിൽ പ്രൊഫസറായിരിക്കെ 1961–ൽ സ്വിററ്സർലണ്ടിൽ വെച്ചു നിര്യാതയായി. ഈയിടക്കു് 1939–ൽ അമേരിക്കയിലെത്തി. ഏഴു് കൊല്ലങ്ങൾക്കുശേഷം അവിടത്തെ പൗരത്വം സ്വീകരിക്കുകയും ചെയ്തു.

കവിതയെഴുത്താരംഭിച്ചപ്പോൾ, കവിതയിൽ അദ്ദേഹം തോമസ്‌ഹാർഡിയെയും ഫ്രോസ്റ്റിനെയും, എലിയററിനെയും അനുകരിക്കാൻ ശ്രമിച്ചിരുന്നു. ക്രമേണ യീററ്സിൻെറ ഗാനധാരയിൽ മുഴുകി. താത്വികമായി താൻ ഡി. എച്ചു്. ലോറൻസ്, ബ്ലെയ്ക് എന്നീ മിസ്റ്റിക്കുകളുടെ കൂടെയാണെന്നു് ഓഡൻ പറഞ്ഞു. എന്നാൽ അവരാരുമായില്ല അദ്ദേഹം.

ഈ കാലഘട്ടത്തിൽ ഇഷർവുഡും റെക്സ് വാർനറും ഓക്സ്ഫോഡിലെ ഒരു സംഘമായി (Gang) കാവ്യരംഗത്തു് പ്രവർത്തിച്ചിരുന്നു. ആയതിനാൽ ഓഡനിലെ സദ്ഗുപ്രതിഭയെ അവർ ശ്രദ്ധിച്ചു. ''ചെറുപ്പകാലത്തു് ഓഡൻ വളരെ മടിയനായിരുന്നു. എഴുതിയ കവിതകളിലെ തെററുതിരുത്തുന്നതിലും മററും വളരെ വിമുഖത കാണിച്ചു. എന്നാൽ എൻെറ അഭിപ്രായങ്ങളറിഞ്ഞ ഓഡൻ എന്തെങ്കിലും എഴുതിയിരുന്നുള്ളു : . . .'' 1 ഇഷർവുഡ് പറഞ്ഞു.

1930–ൽ പ്രസിദ്ധീകരിച്ച ആദ്യത്തെ കൃതിക്കുശേഷം വാമികാ, മരണനൃത്തം, കവിയുടെ നാവു്, നോക്കു–അപരിചിതാ എന്നിവ പ്രസിദ്ധീകരിച്ചു. ക്രിസ്റ്റോഫർ ഇഷർവുഡുമായി യോജിച്ചു് അദ്ദേഹം The Dog Beneath the Skin, The Ascent of F 6, On the Frontier എന്നീ നാടകങ്ങളെഴുതി. അവരുടെ ചൈനാസന്ദർശനത്തെത്തുടർന്നു് Journey to a War എന്ന പ്രസിദ്ധമായ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. മാക്നീസുമായുള്ള Iceland യാത്രക്കുശേഷം പുറത്തിറങ്ങിയ ഗ്രന്ഥമാണു് Letters from Iceland. സ്പെയിനിൽ അഭ്യന്തരയുദ്ധകാലത്തു് അദ്ദേഹം പര്യടനം നടത്തി. ജനറൽ ഫ്രാങ്കോവിന്നെതിരെ ഒരു റിപ്പബ്ലിക് ഗവമ്മെണ്ടിനുവേണ്ടി വാദിച്ചു. അദ്ദേഹം ഇടതുപക്ഷചിന്താഗതിക്കാരുടെ നേതാവായി. Spain എന്ന കവിതാസമാഹാരത്തിലെ പ്രമേയം ഇതായിരുന്നു. ഒരു നിരീശ്വരവാദിയായ ഓഡൻ തൻെറ മുപ്പത്തിമൂന്നാം വയസ്സിൽ നിരീശ്വരവാദത്തോടും കമ്യൂണിസത്തോടും വിടപറഞ്ഞു, ആംഗ്ലോകത്തോലിക്കനായിത്തീർന്നു. രാഷ്ട്രീയം കലയിൽനിന്നു പിന്മാറണമെന്നദ്ദേഹം ഉൽഘോഷിച്ചു. ആദ്ധ്യാത്മികത സാഹിത്യത്തിൽ കൊണ്ടുവരാനുള്ള ശ്രമമായി, പിന്നീടു്.

ഈയവസരത്തിൽ ഓഡൻ അമേരിക്കയിലായിരുന്നു. ഓഗ്ഡൻനാഷിൻെറ ശബ്ദം കേട്ടു തഴമ്പിച്ച അമേരിക്കൻജനതക്കു് ഓഡൻെറ കാഹളം പുതിയൊരനുഭവമായിരുന്നു. വിരുദ്ധാശയങ്ങളുൾക്കൊണ്ട Another Time, The Double man, For the Time Being, Collected poety, Collected short poems (1930–'40), Nones, The Age of Anxiety, The Shield of

---

1. Auden — Double Number.

Achilles, The Sea and the Mirror, Christmas Oratorio, Homage to clio, The Dyers hand എന്നീ കൃതികൾ അമേരിക്കയിൽവെച്ചാണ് രൂപംകൊണ്ടതു്. 1950-ൽ ഇംഗ്ലീഷ്ഭാഷയിലെ കവികൾ (Poets of English language) എന്ന ബൃഹത്തായ ഗ്രന്ഥം (അഞ്ചു് വാല്യങ്ങൾ) നോർമൻ ഹോംസുമായി സഹകരിച്ച് പ്രസിദ്ധീകരിച്ചു.

## കാവ്യോപാസന

അദ്ദേഹത്തെ അദ്ദേഹംതന്നെ പറയുന്നതു് ശ്രദ്ധിക്കുക: 'ഭാവിയിൽ ഞാനൊരു കവിയായിത്തീരുമെന്നൊ, വിശ്വകീർത്തി സമ്പാദിക്കുമെന്നൊ ഒരിക്കൽപോലും വിചാരിച്ചിരുന്നില്ല . . . . ' ആയിരത്തിത്തൊള്ളായിരത്തിമുപ്പതുകളിൽ ആരംഭിച്ച ആ കാവ്യോപാസന അറുപതുകളിലും അവസാനിച്ചില്ല. 'ഏകാന്തതയാണ്‌ കവിയുടെ യഥാർത്ഥ അവസ്ഥ. കാവ്യരചന ഒരു തപസ്യയാണ്‌ . . . . വാങ്മന്ത്രത്തിന്റെ അനുപേക്ഷ്യമായ പ്രവൃത്തിയിലേക്കുള്ള പ്രവേശികയാണ്‌ കവിതയെഴുത്ത്'': ഓഡനെഴുതി.

പേൾഹാർബർ ദിനത്തിൽ, 'അമേരിക്കക്കൊരുടെ തലകൾ തണ്ണിമത്തൻകൊണ്ടുണ്ടാക്കിയതാണ്'' എന്നു് എസ്രാപൗണ്ടു് പ്രഖ്യാപിച്ചപ്പോൾ ഓഡൻ എന്ന ദേശീയവാദി നിശ്ശബ്ദനായിരുന്നു. പോസിററിവിസത്തിൽനിന്നു് മിസ്റ്റിസിസത്തിലേക്കും മെററീരിയലിസത്തിൽനിന്നു് ഐഡിയലിസത്തിലേക്കും അദ്ദേഹത്തിന്റെ ആദർശങ്ങൾ ക്രമമാററി.' കല ഒരു ഇന്ദ്രജാലമല്ലെന്നും എന്നാൽ മനുഷ്യവികാരങ്ങളുടെ, അനുഭൂതികളുടെ യഥാർത്ഥപ്രതിഫലനം നടത്തി അവനെ ബോധവാനാക്കുന്ന ഒന്നാണെന്നുംമററുമുള്ള ആർ. ജി. കോളിങ്ങ്‌വുഡിന്റെ അഭിപ്രായത്തെ മാനിച്ച് കവിതയെ രാഷ്ട്രീയത്തോടും സമൂഹത്തോടും മനഃശാസ്ത്രത്തോടും നരവംശശാസ്ത്രത്തോടും ബന്ധപ്പെടുത്തി കാണിക്കുകയായി, പിന്നീടു് ഓഡന്റെ കൊണ്ടുപിടിച്ച ശ്രമം.

പിന്നീടു് സ്വരം മാററിയ ആ ആംഗ്ലോ കത്തോലിക്കൻ 'ഉത്തമസാഹിത്യങ്ങളെല്ലാം തന്നെ മറവുചെയ്യപ്പെട്ട ആത്മീയവാദം അടങ്ങിയിരിക്കുന്നുവെങ്കിലും എഴുത്തുകാരൻ ഇത്തരം ആത്മീയവാദത്തിൽ നിർബ്ബന്ധം പിടിക്കേണ്ട കാര്യത്തിൽ അജ്ഞാതനാണെന്നു്'' പറഞ്ഞു് ഒഴിഞ്ഞുമാറുകയാണ്‌ ചെയ്തതു്. എന്നിരുന്നാലും തന്റെ സമകാലികാവസ്ഥയിൽ വളരെ ബോധവാനായിരുന്നു അദ്ദേഹം. ആദ്യകാലകവിതകളിൽ ഇടതുപക്ഷചിന്താഗതി പ്രകടമായിരുന്നു. ആധുനികജീവിതത്തിലെ താളലയങ്ങളെക്കുറിച്ച് അദ്ദേഹം എഴുതി. അദ്ദേഹത്തിന്റെ ഭാഷ ദുർഗ്രഹതയുംകൊണ്ടതായിരുന്നുവെങ്കിലും പാനകവും സംഘട്ടനവും ഓജസ്സുററതുമായ ഒന്നായിരുന്നു. അദ്ദേഹമെഴുതി:

"The Situation of our time
Surrounds us like a baffling crime"2

"The Sea and the Mirror" അദ്ദേഹത്തിന്റെ മാസ്റ്റർപീസായി കണക്കാക്കപ്പെടുന്നു. കലയും യാഥാർത്ഥ്യവും തമ്മിലുള്ള ജ്ഞാതിഭാവമാണ്‌ ഇതിലെ പ്രമേയം. അദ്ദേഹത്തിന്റെ കവിതകളെ നിരൂപണവിധേയമാക്കുമ്പോൾ Carlo Izzo താത്വികമായി അദ്ദേഹത്തെ വിലയിരുത്തുന്നതു ശ്രദ്ധിക്കുക:

"W. H. Auden has Come a long journey from love of the Community to despondency, from despondency to transcendental faith, from transcendental faith to a too-Complacent pre-occupation with technical devices; and, at the end, it would seem that the poet has found, or found again, the love of man: no longer of man as the anonymous Community, but of man as an individual."

''അനഗ്ഗളമായ, അതിർകവിഞ്ഞ, ലഘുകരണമില്ലാത്ത പരമാവധി സാന്ദ്രതയോടും അചഞ്ചലതയോടുംകൂടിയ ഒരുൾക്കാഴ്ചപ്പാടും

2. New year letters.

ക്കൊണ്ടുവയായിരുന്നു അദ്ദേഹത്തിൻ്റെ കവിതകൾ'': ക്ലീൻത് ബ്രൂക്സ്.


## ധീരനായ സ്കാൻഡിനേവിയൻ

1948_ൽ അദ്ദേഹത്തിൻ്റെ 'ഉൽകണ്ഠയുടെ യുഗം' എന്ന ഗ്രന്ഥത്തിന് പുലിറ്റ്സർ സമ്മാനം ലഭിച്ചു. ആയർപാട്ടുകളായിരുന്നു **(Ecologue: Pastoral poems)** ഇതിൻ്റെ ഉള്ളടക്കം. 1937_ൽ ജോർജ്ജ്‌രാജാവിൻ്റെ മെഡലും, 1953_ൽ ബോളിഞ്ജൻ പ്രൈസും, 1956_ൽ നാഷണൽ ബുക്ക് അവാർഡും ലഭിച്ചു.

ടി. എസ്. എലിയട്ടിൻ്റെ 'തരിശുഭൂമി' യെ ഈ നൂറ്റാണ്ടിലെ ഏറ്റവും നല്ല കാവ്യമെന്നും, ജയിംസ് ജോയ്സിൻ്റെ യുലിസസ്സിനെ ഈ നൂറ്റാണ്ടിലെ ഏറ്റവും നല്ല നോവലെന്നും വിശേഷിപ്പിച്ച, അമേരിക്കൻ പൗരത്വം സ്വീകരിച്ചതിനാൽ ബ്രിട്ടീഷ് ആസ്ഥാനകവി **(Arch poet)** യാകാതെപോയ, ഇരുപതാം നൂറ്റാണ്ടിലെ കരുത്തുറ്റ ആ ആക്ഷേപഹാസ്യകാരൻ കഴിഞ്ഞവർഷം (1973) സപ്തംബർ 28ന് വിയന്നയിൽവെച്ച് നിര്യാതനായി.

അറുപത്താറു വസന്തങ്ങൾ കണ്ട ആ കവികോകിലം ഒരു അദ്ധ്യേതാവായ ശാസ്ത്രജ്ഞനായിരുന്നു; ഗായകനായിരുന്നു; വൈദികകർമ്മിയായിരുന്നു; എല്ലാററിനുമുപരി ധീരനായ ഒരു സ്കാൻഡിനേവിയൻകൂടിയായിരുന്നു.

# സർ മുഹമ്മദ് ഇക്ബാൽ



**കെ. എം. അഹമ്മദ്, II B. Sc.**

ആത്മീയതയുടെയും ഭൗതികതയുടെയും സമഞ്ജസ സമ്മേളനത്തെ സാധിക്കുന്ന പ്രതിഭാശാലികളാണ് ലോകത്തിന്റെ യഥാർത്ഥമായ ഉദ്ധാരകന്മാരും ഉത്തേജകന്മാരും. അവർ ലോകത്തിന്റെ പ്രബോധകന്മാരും പരിഷ്ക്കർത്താക്കളുമാണ്. അവർ തങ്ങളുടെ പ്രതിഭയുടെ പാതങ്ങൾ തറയിലും താരാപഥത്തിലും വിന്യസിക്കുന്നു.

അല്ലാമാ ഇക്ബാൽ ഇങ്ങിനെയുള്ള ഒരു പ്രതിഭാശാലിയും പരിഷ്ക്കർത്താവും ആകുന്നു. അദ്ദേഹത്തിന്റെ ഉദയത്തിൽ നാം ഉറങ്ങിക്കിടന്നു; അദ്ദേഹത്തിന്റെ അസ്തമനത്തിൽ നാം ഉണരുന്നു.

ലാഹോറിലെ സിയാൽക്കോട്ടിൽ 1873ൽ ആണ് ഇക്ബാൽ ജനിച്ചത്. ലാഹോറിലെ ഗവർമ്മെണ്ട് കോളേജിൽനിന്ന് ബി. എ; എം. എ. പരീക്ഷകൾ പാസ്സായി. എം. എ. പാസ്സായതിന്ന് ശേഷം ഇക്ബാൽ ലാഹോറിലെ ഓറിയൻറൽ കോളേജിൽ ലക്ചററായും അതിന്ന് ശേഷം ഗവർമ്മേണ്ട് കോളേജിൽ അസി. പ്രൊഫസറായും ജോലി നോക്കിയിരുന്നു. ഇതിനിടയിൽ ഇക്ബാൽ ഒരു പ്രശസ്ത കവിയായി അറിയപ്പെടുകയും ആ കാലത്തെ കവികൾ, പണ്ഡിതന്മാർ, സാഹിത്യകാരന്മാർ മുതലായവരുമായി ബന്ധം പുലർത്തുകയും അവരുടെ സ്നേഹബഹുമാനങ്ങൾക്ക് പാത്രമായിത്തീരുകയും ചെയ്തിരുന്നു.

1905ൽ അദ്ദേഹം യൂറോപ്പിലേക്ക് പോകുകയും മൂന്ന് കൊല്ലക്കാലം ഗവേഷണങ്ങൾക്കായി കേംബ്രിഡ്ജിൽ താമസിക്കുകയും ചെയ്തു. കേംബ്രിഡ്ജ് യൂണിവേഴ്സിററി അദ്ദേഹത്തിന്ന് തത്വജ്ഞാനത്തിൽ ഉന്നതബിരുദം സമ്മാനിച്ചു. 1908–ൽ അദ്ദേഹത്തിന്ന് പി. എച്ച്. ഡി. ബിരുദവും ലഭിച്ചു. അതിനിടയിൽതന്നെ അദ്ദേഹം Bar at law പരീക്ഷ ജയിക്കുകയും ചെയ്തു.

1908ൽ ഇക്ബാൽ ഇന്ത്യയിൽ മടങ്ങിയെത്തുകയും കുറച്ചുകാലം അഭിഭാഷകനായി പ്രവർത്തിക്കുകയും ചെയ്തു. കുറച്ചുകാലം ലാഹോർ സർവ്വകലാശാലയിൽ തത്വശാസ്ത്രത്തിന്റെ പ്രൊഫസറായി ജോലി നോക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് സാഹിത്യപരവും സാംസ്ക്കാരികവും സാമൂഹ്യവും രാഷ്ട്രീയവുമായ വിഷയങ്ങളിൽ പതിക്കാൻ തുടങ്ങി. അങ്ങിനെ ഉദ്യോഗത്തിൽ നിന്നെല്ലാം പിരിയുകയും ചെയ്തു. സാഹിത്യത്തിലും പൊതു പ്രവർത്തന രംഗത്തും അദ്ദേഹം ചെയ്ത മഹത്തായ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് ബ്രിട്ടീഷ് ഗവർമ്മേണ്ട് 1922ൽ അദ്ദേഹത്തിന്ന് 'സർ' എന്ന സ്ഥാനം നല്കി.

ഇതിനിടയിൽ ഇക്ബാൽ സ്വാതന്ത്ര്യ പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ തുടങ്ങി. അദ്ദേഹം കുറച്ചുകാലം പഞ്ചാബ് നിയമസഭയിൽ അംഗവുമായിരുന്നു. 1931ൽ ലണ്ടനിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ ഇക്ബാൽ സംബന്ധിച്ചിരുന്നു.

ബഹുമുഖമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അല്ലാമാ ഇക്ബാൽ. കവി, തത്ത്വജ്ഞാനി, ചിന്തകൻ, സമുദായ പരിഷ്ക്കർത്താവ് എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശസ്തിയാർജ്ജിച്ചിരുന്നു. പൗരസ്ത്യ പാശ്ചാത്യ രാജ്യങ്ങളിലും അദ്ദേഹം ധാരാളം പ്രശസ്തിയും പേരും ആർജ്ജിച്ചു. ഒരു ധർമ്മനീതിയെന്നും രാഷ്ട്രീയ പ്രസ്ഥാനമെന്നുമുള്ള നിലയിൽ ഇസ്ലാമിന്റെ സാർവ്വലൗകിക സമന്വയം (Pan islamism) പ്രയോഗത്തിൽ വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

ഇക്ബാലിന്ന് പേരും പ്രശസ്തിയും ആർജ്ജിച്ചു കൊടുത്തതിൽ അദ്ദേഹത്തിന്റെ കൃതികൾക്ക് മഹത്തായ സ്ഥാനമുണ്ട്. **'Metaphysics in Persia' 'Reconstruction of Religious thought in Islam** എന്നിവയാണ് ഇക്ബാലിന്റെ ഇംഗ്ലീഷുകൃതികൾ. ഈ ഗ്രന്ഥങ്ങൾ ഇക്ബാലിന്റെ വ്യക്തിത്ത്വത്തെ പ്രചരിപ്പിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. പാശ്ചാത്യപൗരസ്ത്യ രാജ്യങ്ങളിൽ അദ്ദേഹം തത്വചിന്തകൻ, മതചിന്തകൻ, മുസ്ലീംലോകത്തിന്റെ പരിഷ്ക്കർത്താവ് എന്നീ നിലകളിൽ കൂടുതൽ പ്രശസ്തി നേടുവാനും ഈ ഇംഗ്ലീഷ് കൃതികൾക്ക് സാധിച്ചു.

ബാങ്കേദര, പയാമെ മഷ്‌രിവു, അസ്‌റാൽ–ഇഖുദി ററാമൂസ്–ഇബാബുദി, ജാവീദ് നാമ, സബൂരെഅജം, പാസ് ചിയാബയ്, സർബെകലിം, മുസാഫിർനാമ, ബാലേജിബ്‌രീൻ, അർമുഗാനേഹിജാസ് എന്നിവയാണ് അദ്ദേഹത്തിന്റെ മററു കൃതികൾ.

ഉറുദുവിൽ എഴുതപ്പെട്ടിട്ടുള്ള 'ബാങ്കേദരാ' ഇക്ബാലിന്റെ ലഘുകവിതകളുടെ സമാഹാരമാണ്. ഒരു കവിയെന്ന നിലയിൽ അദ്ദേഹത്തിന്റെ കഴിവുകളുടെ പ്രത്യക്ഷമായ ഉദാഹരണമാണ് ഈ കൃതി. ജീവിതം, പ്രകൃതി ജീവിതതത്വങ്ങൾ, ദേശാഭിമാനം ശാസ്ത്രം, കലാസാഹിത്യം മുതലായവയെസ്സംബന്ധിച്ച് അർത്ഥഗംഭീരവും വിജ്ഞാനപ്രദവുമായ മധുരഗാനങ്ങളാണ് ഇതിലുള്ളത്.

അദ്ദേഹത്തിന്റെ മേത്തരം പേർസ്യൻ കൃതികളിലൊന്നാണ് 'പയാമെ മഷ്‌രിവു''. അദ്ദേഹത്തിന്റെ ചിന്താഗതിയെയും, ആദർശങ്ങളെയും പ്രഖ്യാപനം ചെയ്യുന്ന ഈ കൃതി അദ്ദേഹത്തിന്റെ കാവ്യപരവും തത്വചിന്താപരവുമായ വ്യക്തിമഹാത്മ്യത്തെ സൂചിപ്പിക്കുന്നു. യഥാർത്ഥമായ മനുഷ്യപുരോഗതിയും സൗഖ്യവും ആത്മാവിന്റെ അന്തർലീനമായ ശക്തിവിശേഷങ്ങളിലാണ് അടങ്ങിയിരിക്കുന്നതെന്നു ഈ കൃതിയിൽ അദ്ദേഹം പറയുന്നു.

'അസ്‌റാൽ–ഇബൂദി' അഥവാ 'ആത്മരഹസ്യങ്ങൾ' അദ്ദേഹം എഴുതിയിട്ടുള്ള ആദ്യത്തെ കൃതിയാണ്. ഗാനമാധുരിയിലും, അർത്ഥഗാംഭീര്യത്തിലും ആദർശോന്നതിയിലും ഇക്ബാലിന്ന് ലോകമഹാ കവികളുടെ കൂട്ടത്തിൽ ഗണ്യമായ പദവി ആർജ്ജിച്ചുകൊടുത്തതു് ഈ ഒന്നാമത്തെ കൃതിയാണ്.

അദ്ദേഹത്തിന്റെ തത്വചിന്താപരമായ വ്യക്തിത്വത്തെ സൂചിപ്പിക്കുന്ന കൃതികളാണ് റാമൂസ്–ഇബാബുദി (ആത്മാർത്ഥതയുടെ അസ്വസ്ഥതകൾ.

ഇങ്ങനെ ഒരുപാട് കൃതികൾ അദ്ദേഹം രചിക്കുകയുണ്ടായി. ഈ കൃതികളും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും, ആത്മാർത്ഥമായ പ്രവർത്തനങ്ങളുമാണ് ഇക്ബാലിന്റെ പ്രശസ്തിക്ക് കാരണമായിത്തീർന്നതു്. ഇദ്ദേഹത്തെപ്പോലെയുള്ള മഹാന്മാർ ലോകത്തിന്നു് വളരെ അപൂർവ്വമായേ ലഭിക്കാറുള്ളൂ. അതുകൊണ്ട് തന്നെ ലോകം എന്നും അദ്ദേഹത്തെ ഓർക്കുന്നു.

''വിശേഷാത്തരമായ രാജ്യമാണ് നമ്മുടെ ഹിന്ദുസ്ഥാൻ.

ഭാരതം നമ്മുടെ പൂന്തോട്ടവും, നാം അതിലെ കോകിലങ്ങളുമാണ്'' എന്നു് പാടിയ ഇക്ബാൽ, തന്റെ ദേശസ്നേഹത്തെയും ദേശാഭിമാനത്തെയും അറിയിക്കുകയും മറ്റുള്ളവരെ ആവേശം കൊള്ളിക്കുകയും ചെയ്യുന്നു.

ഇക്ബാൽ എന്നും ഒരു നവലോകത്തെയാണ് മുന്നിൽ കണ്ടിരുന്നതു്.

''നക്ഷത്രങ്ങൾ പഴയവ, ആകാശം പുതിയതു്

എനിക്കു് വേണ്ടതു് ഒരു പുതിയ ലോകം.''

1938ൽ ആ മഹാൻ ഈ ലോകത്തോടു യാത്ര പറഞ്ഞു. അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചിച്ചുകൊണ്ടു്, പണ്ഡിററ് ജവഹർലാൽ നെഹറു പറഞ്ഞു: ''അദ്ദേഹത്തിന്റെ ചരമത്തിൽ ഇന്ത്യക്കു് പ്രകാശമാനമായ ഒരു നക്ഷത്രം നഷ്ടപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ കവനങ്ങൾ അദ്ദേഹത്തെ സംബന്ധിച്ച സ്മരണയെ ഭാവി തലമുറകളിൽ സംരക്ഷിക്കുകയും അവക്കു് പ്രചോദനം അരുളുകയും ചെയ്യും''.

അതെ, ആ നക്ഷത്രം പൊലിഞ്ഞു. പക്ഷെ, ആ പ്രകാശം ഇന്നും ജീവിക്കുന്നു. നൂററാണ്ടുകളോളം.!

# The First Birthday Centenary of a Pioneer in Science — MARCONI

**Abdurahiman Kutty E. V. P.,**
**II M. Sc. (Mathematics)**

Broadcasting, a direct outcome of Marconi's work, now takes rank as one of the necessaries of life. No one man did more than Marconi to bring about the modern marvel of broadcasting. The application of his discovery has revolutionized the interchange of news and culture throughout the world.

Marconi, Guglielmo (1874–1937), Italian Scientist, the Pioneer in wireless telegraphy and radio, was born at Bologna on April 25, 1874 as the son of an Italian father and an Irish mother. After being educated at a school in Leghorn, he entered the University of Bologna. Florena also was a venue of his education. As a boy he took a keen interest in Physical and electrical science.

His natural taste for mechanics and experiments was turned towards the study at electric waves, a subject which was at that time arousing great interest in many countries. In 1895 the idea became firmly rooted in his mind that a system of telegraphy through space could be Provided by means of electromagnetic waves the existence of which had been investigated experimentally by Heinrich Hearty, and others while still in his teens, Marconi began to test laboratory theories by Practical experiments.

In the early summer of 1895, Marconi conducted a number of experiments at his father's country house at Pontecchio, near Balogna. The experiments gave Marconi remarkable results and in the same year communication was established over distances over a mile and hence Marconi became the first to devise the Practical means by which electric waves could be made to provide revolutionary method of telegraphic communication.

The efforts to interest the Italian Government in his experiments failed and this led the young inventor to go to England in 1896. On June 2 of the same year, he took out the first Patent over granted for wireless telegraphy based on the use of electric waves. He continued his experiments in London, and in the same year demonstrated his invention before the officials of the Post Office and other representatives of British and Foreign Government departments. Here he was welcomed and encouraged by Sir William Preece, the Engineer-in-chief of the Postal department.

Later experiments for the Post Office were carried out on Salisbury Plain and across the Bristol Channel from Perth to Brean down, near Weston-Super-Mare. In due course he was highly supported by Lord Kelvin, a pioneer of telegraphy. Now the new system of wireless telegraphy, could be used for sending news to newspapers. Meanwhile he was given chances to exhibit his discovery in many countries.

In June 1897, the Italian Government invited him and in Spezia a land Station was erected and communication with Italian warships was established upto a distance of 22 miles 'wireless' as a 'like Saver' was recognized when apparatus was installed at South Foreland Light house and East Goodwin Lightship. During the two years that this Service was working, several vessels and many lives were saved. The accidents were at once reported by wireless enabling life boats to be promptly sent to the assistance of the ships and vessels. Thus the commercial and utilisation purposes of wireless telegraphy were served all over the world in due course.

In 1898, Marconi established communication across English Channel, between England and France, a distance of 32 miles. During the year wireless was also first utilized in the naval manoewes for communication between warships over distances of 74 miles. In the same year the outbreak of the Boer War enabled the military value of wireless to be tested. Wireless could be used to greater advantages at the war front.

The year 1901 was a time of great effort and achievement for Marconi. He had by that time transmitted wireless signals over a distance of 200 miles, and he was ambitious to send signals across the Atlantic Ocean on Dec. 12, 1901, Marconi succeeded in transmitting and receiving signals across Atlantic Ocean from Poldu in Cornwall to St. John's, Newfoundland Marconi had to face many a hardship before he succceded in this historic achievement, and infact his unflinching determination had helped him in this issue. The wireless waves had travelled the 2100 miles that separated Newfoundland from Cornwall.

In 1902 during a voyage on the lines "Philadelphia", he received messages up to a distance of 700 miles by day and 2000 miles by night, they first discovering the now well known fact that wireless signals can usually be received over much greater distances at night than during the hours of day light.

During the First World war, Marconi served both the Italian Army and Navy. He visited the United States as a member of an official mission from the Italian Government. In 1919 he was appointed by the King of Italy as a delegate to the Peace Conference at Paris. In due course, even in this time of stress and strain he discovered that short electric waves not only reduced interference but were more economical to use.

Marconi was awarded Nobel Prize for Physics in 1909, the Albert Medal, the Franklin Medal and the John Fritz medal. He also received many honorary degrees. In the same year he was nominated by the King of Italy to be a member of the Italian Senate. Marconi died in July 1937, leaving a record of achievements and success equalled by very few men.

# THEN WHAT DO YOU CALL ME...?

**P. Mohamed Kutty, I M. A. (Arabic)**

Don't think I am Happiness!
Don't misunderstand I am Love!!
Don't Suspect I am Religious!!!
I am basically a philosophical problem —
Not physical or mental
Do you call me happiness?

Every one, it seems, wants to be happy. But happiness is elusive. So, it seems logical for young people today turn to 'me' for relief and escape.

Trying to cure unhappiness with 'me', however, is like treating cancer with aspirin. It may deaden the pain for a while, but in the end the symptoms only become more severe. And the reintroduction to pain is frequently more painful than the continual endurance of that pain.

Many of the established members of society are now beginning to use 'me' to block life's shortcomings, pettiness, inequities and purposelessness. They want to find a shortcut to happiness and pleasure.

Do you call me Love?

Don't misunderstand. I am not really the drug itself that so upsets the older generation, I am only a symbol — an emblem of a certain life style.

I have become a symbol of the battle between the generations. In this war, the older generation lashes out with accusations that young people have become 'Overpowered', have been given too much, have no responsibility, have no respect for their elders, and grow their hair too long.

The use of 'me' has encouraged strife, disillusionment and hatred — not love and understanding.

In the first optimistic surges of the hippie movement, I was hailed as a medium for increasing general love between a man and a woman.

True love, in the real sense of the word, involves concern for the well-being of others. A person high on the use of 'me' is concerned primarily with his own physical enjoyment. Instead of promoting love, I have en ouraged exploitation, disillusionment, promiscuity and a plague of venereal deseases.

Do you call me Religion?

Many other people turn to 'me' to find a replacement for what they find missing in traditional religion. It is a secret to no one that the established religions of our time have lost whatever virility they once might have had.


A new generation is shopping for religious experience in new spiritual supermarkets. One of the products in these supermarkets is 'myself'.

There is no question, that, while under the influence of 'myself' some smokers experience a flow of words and ideas, shapes and forms and fantasies and visions to which they give religious significance.

At any rate, I did not enlighten them, or any one else.

I am, indeed, dangerous not just because of what I can do, but because of what I can't do. I can't solve the problems that desperately need solving; I can't give direction to aimless life; I can't bring happiness and purpose to an unhappy world.

# വൈരുദ്ധ്യാത്മക ഭൗതികവാദം: ഒരു വീക്ഷണം



പി. അബൂബക്കർ, I P. D. C.–$S_2$

മനുഷ്യനും, അവനു ചുററും നിലനില്ക്കുന്നതുമായ പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയും അഥവാ അതിൽ മനുഷ്യന്റെ ബോധത്തെ ചൊല്ലിയുമാണ് തത്വശാസ്ത്രങ്ങൾ കലഹിച്ചുകൊണ്ടിരുന്നത്. മനുഷ്യന്റെ സാംസ്കാരികവും സാമൂഹികവുമായ വളർച്ചയുടെ തോതിലും പ്രപഞ്ചത്തെക്കുറിച്ച് അവൻ നേടിയ അറിവിന്റെ മാനദണ്ഡത്തിന്റെ തോതിലും പുതിയ തത്വശാസ്ത്രങ്ങൾ പുതിയ നിയമങ്ങൾ ഉരുത്തിരിഞ്ഞുവന്നു.

നമുക്ക് ചുററും വസ്തുനിഷ്ഠമായ ഒരു പ്രപഞ്ചമുണ്ട്; പ്രപഞ്ചത്തിലെ വസ്തുക്കൾക്കാകട്ടെ പരസ്പരബന്ധമുണ്ട് അവയ്ക്കു സദാ മാററമുണ്ട്. ഈ വസ്തുനിഷ്ഠപ്രപഞ്ചത്തെ ഭൗതികപ്രപഞ്ചം, എന്നു വിളിക്കുന്നു. പൗരാണിക ഹിന്ദുതത്വചിന്തകർ ഇതിനെ 'പ്രകൃതി'യെന്ന് വിളിച്ചു.

തന്റെ ചുററും നിലവിലുള്ള ഈ പ്രപഞ്ചത്തെക്കുറിച്ച് മനുഷ്യമനസ്സിൽ ബോധമുണ്ട് ഈ ബോധത്തിന്റെ ഫലമായി ചിന്ത, വികാരം മുതലായവയുണ്ട്. മനുഷ്യമനസ്സിന്റെ ബോധ മണ്ഡലത്തിൽ നിലനില്ക്കുന്ന ഈ പ്രപഞ്ചത്തിനെ ആത്മനിഷ്ഠപ്രപഞ്ചമെന്ന് വിളിക്കുന്നു.

ഈ രണ്ട് പ്രപഞ്ചങ്ങളിൽ ഏതാണ് പ്രാഥമികം ഏതാണ് സ്വതന്ത്രം എന്നതിനെ ചുററിപ്പററി തത്വചിന്തകൾ ഉടലെടുത്തു. പൗരാണിക ഭാരതീയ തത്വചിന്തകളിൽ ഒരു വിഭാഗം പറയുന്നത് പുരുഷനാണ് നിലവിലുള്ളത് പ്രകൃതി മിഥ്യയാണ് എന്നാണ്.

ഒരു വ്യക്തിയുടെ ബോധത്തെ സംബന്ധിച്ചേടത്തോളം താൻ ഏതു നിമിഷം മരിക്കുന്നുവോ ആ നിമിഷം തൊട്ട് അയാൾക്ക് ഭൗതികപ്രപഞ്ചവുമായുള്ള ബന്ധം ഇല്ലാതാകുന്നു. ആത്യന്തികമായി അതുകൊണ്ട് തന്റെ മനസ്സിൽ നിലനില്ക്കുന്ന ഈ ബോധം മാത്രമേ ഉള്ളവെന്നും ആത്മനിഷ്ഠപ്രപഞ്ചം മാത്രമേ യഥാർത്ഥത്തിലുള്ളവെന്നും ആത്മീയ വാദികൾ വിശ്വസിക്കുകയും അതിനനുസരണമായ തത്വചിന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്തു.

ഒരു വ്യക്തിക്കും അയാളുടെ ബോധത്തിനുമുപരിയായി സ്വതന്ത്രമായി വസ്തുക്കൾ നിലനില്ക്കുന്നു എന്നതുകൊണ്ട്, യാതൊരാളുടെ ചിന്തക്കും ബോധത്തിനുമുപരിയായി പ്രപഞ്ചം നിലനില്ക്കുന്നു എന്ന കാരണംകൊണ്ട് യഥാർത്ഥമായ ഭൗതികപ്രപഞ്ചമാണ് നിലവിലുള്ളതെന്നും മനുഷ്യന്റെ ബോധം ഭൗതികപ്രപഞ്ചത്തിന്റെ ഒരു സ്വഭാവം മാത്രമാണെന്നും യുക്തിപൂർവ്വം തെളിയിച്ചവർ ഭൗതിക വാദികളായി അറിയപ്പെട്ടു.

പ്രപഞ്ചത്തെക്കുറിച്ച് വളരെക്കുറച്ചുമാത്രം അറിയാമായിരുന്ന കാലംതൊട്ടുതന്നെ, ആത്മീയവാദികളുടെ സുവർണ്ണ കാലഘട്ടത്തിൽത്തന്നെ അവരെ വെല്ലുവിളിച്ചുകൊണ്ട് വജ്രംപോലെയുള്ള വാദഗതികളുമായി ഭാരതത്തിൽ കണാദനും ഗ്രീസിൽ ഡെമോക്രറ്റസും പരമാണുവാണ് പദാർത്ഥത്തിന്റെ അതിസൂക്ഷ്മവും അഭേദ്യവുമായ രൂപം എന്ന് തെളിയിച്ചിരുന്നു.

അതിനുശേഷം മനുഷ്യൻ ശാസ്ത്രരംഗത്ത് അത്യത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചു. അതോടൊപ്പം കേവലം ഭൗതിക വാദികളായ സർ ഐസക്ന്യൂട്ടനും, ഫോയർ സാക്കും ആശയവാദത്തിന്റെ ഇരുളിനെ കീറിമുറിച്ചു.

## പ്രപഞ്ചരൂപം :

പ്രപഞ്ചത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് നമുക്ക് ശ്രദ്ധിക്കാം.

പദാർത്ഥങ്ങളുടെ നാല് പ്രത്യക്ഷ രൂപങ്ങളായ ഖരം, ദ്രാവകം, വാതകം, പ്ലാസ്മ എന്നിവയും ഗുരുത്വാകർഷണം, വൈദ്യുതകാന്തം അണുകേന്ദ്രം എന്നീ മൂന്നു മണ്ഡലങ്ങളും ചേർന്നതാണ് പ്രപഞ്ചം. പദാർത്ഥങ്ങളുടെയും മണ്ഡലങ്ങളുടെയും സാർവ്വലൗകികരൂപത്തിന്റെ വിവിധ രീതിയിലുള്ള സംയോജനം മൂലമാണ് പ്രപഞ്ചത്തിലെ സകല പ്രതിഭാസങ്ങളും, സർവ്വ ജീവജാലങ്ങളും മനസ്സും എല്ലാം എന്ന് ശാസ്ത്രത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചത്തിൽ തെളിയിക്കപ്പെട്ടു.

മുൻപ് പദാർത്ഥത്തിന്റെ അതിസൂക്ഷ്മവും അഭേദ്യവുമായ രൂപമെന്ന് കരുതിപ്പോന്ന പരമാണുവും, പരമാണുകേന്ദ്രംപോലും ഭേദ്യമാണെന്ന് മനസ്സിലാക്കിയിരിക്കയാണ്. പരമാണു കേന്ദ്രമാകട്ടെ സങ്കീർണ്ണമായ ഘടനയോടുകൂടിയ അനവധി കണികകളുടെ സമ്മേളനമാണെന്ന് തെളിഞ്ഞിരിക്കുകയാണ്.

സ്പന്ദിച്ചുകൊണ്ടിരിയ്ക്കുന്ന നിരവധി വസ്തുക്കളുടെ സംഘാതമാണ് പരമാണു കേന്ദ്രത്തിനു ചുററും കറങ്ങുന്ന ഇലക്ട്രോൺ ഈ സ്പന്ദനത്തിനിടക്ക് സൂക്ഷ്മകണികകൾ ചുററുമുള്ള മണ്ഡലങ്ങളുമായി പ്രതിപ്രവർത്തിക്കുന്നു. ഇതിൻ ഫലമായി ചുററുമുണ്ടാകുന്ന മണ്ഡലത്തിനു് നിദാനമായ ഊർജ്ജം നഷ്ടമാകുന്നു. ഓരോ അണുവിൽ നിന്നും ഊർജ്ജവും അതുവഴി പിണ്ഡവും അനുനിമിഷം നഷ്ടമാകുന്നു. എങ്കിലും ഇവ നശിക്കുന്നില്ല. ലക്ഷക്കണക്കിനു വർഷങ്ങൾക്ക് ശേഷം പരമാണുവിലെ പദാർത്ഥത്തെ ഈ നഷ്ടം ഒരു പുതിയ പതനത്തിലേക്കും ഒരു പുതിയ രൂപത്തിലുള്ള പ്രപഞ്ചത്തിലേക്കും നയിക്കുന്നു.

ആത്യന്തികമായി ഒരു പദാർത്ഥകണികയും സൃഷ്ടിക്കപ്പെടുന്നില്ല, നശിക്കുന്നുമില്ല. പദാർത്ഥമില്ലാത്ത ഒരു ശൂന്യമണ്ഡലമാകട്ടെ പ്രപഞ്ചത്തിൽ നിലവിലില്ല ഒരു ഘനസെൻറിമീററർ നൂറിൽ താഴെ തന്മാത്രകളെങ്കിലും നിലനില്ക്കുന്നു. ചിലയിടങ്ങളിലൂടെ കോസ്മിക്‌രശ്മികളെങ്കിലും കടന്നുപോകുന്നു. പ്രപഞ്ചത്തിലുള്ള എല്ലാ ദ്രവ്യവും പരമാണുക്കളാൽ രൂപപ്പെട്ടതാണ് അവ സദാ ചലിച്ചുകൊണ്ടേയിരിക്കുന്നു.

പദാർത്ഥങ്ങളുടെ ഈ ദ്രവ്യം നിലനില്ക്കാൻ സ്ഥലം ആവശ്യമുണ്ട് ദ്രവ്യമില്ലാതെ Space ഇല്ല. കേവലമായ കാലമോ, സ്ഥലമോ, ദ്രവ്യമോ ഇല്ല അവ പരസ്പരം ബന്ധപ്പെട്ടതാണ്.

## പ്രപഞ്ചം: അവയിലെ വസ്തുക്കൾ എങ്ങനെ നിലനില്ക്കുന്നു? വളരുന്നു?

പ്രപഞ്ചത്തിലെ സകല വസ്തുക്കളുടേയും നിലനില്പിനും വളർച്ചക്കും കാരണം വസ്തുക്കളുടെ ചലനമാണ് ഇതിനപ്പുറം പോകാൻ കേവലം ഭൗതികവാദികൾക്ക് കഴിഞ്ഞില്ല. ഒരു പ്രത്യേക രീതിയിൽ അഡ്ജസ്റ്റ് ചെയ്തുവെച്ചാൽ യന്ത്രങ്ങൾ ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കും എന്നപോലെയാണ് വസ്തുക്കളുടെ ഈ ചലനം എന്നുള്ള വിശദീകരണം മാത്രമേ അവക്ക് നല്കാനുണ്ടായിരുന്നുള്ളു.

വസ്തുക്കളുടെ ചലനാടിസ്ഥാനമായ പ്രേരകമണ്ഡലമായിവർത്തിക്കുന്നതു് അവയിലടങ്ങിയ ആന്തരിക വൈരുദ്ധ്യമാണെന്നും, വൈരുദ്ധ്യാധിഷ്ഠിതമായ ഈ പരസ്പരബന്ധത്തിലൂടെ മാത്രമാണ് പ്രപഞ്ചം നിലനില്ക്കുന്നതെന്നും

വസ്തുക്കൾ ചലിക്കുന്നതെന്നും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം പറയുന്നു.

മാർക്സിന്റെ ഗുരുവും 18ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലോകത്തെ പിടിച്ചു കുലുക്കിയ ആശയവാദിയുമായ ഹെഗൽ വസ്തുക്കളുടെ ഈ വൈരുദ്ധ്യവാദത്തെ അംഗീകരിച്ചിരുന്നു— പക്ഷെ ആത്മനിഷ്ഠമായ ഒരു വീക്ഷണകോണാണദ്ദേഹം സ്വീകരിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വീക്ഷണം വിലക്ഷണമായിത്തീർന്നു ഹെഗലിന്റെ തലകുത്തനെ നിന്നിരുന്ന ഈ ആശയത്തെ നേരെയാക്കി നിർത്തുകയാണ് മാർക്സും, എംഗൽസും ചെയ്തത്. അപ്പോഴാണ് മനുഷ്യന് യഥാർത്ഥമായ, യുക്തിയിലും ശാസ്ത്രത്തിലും അധിഷ്ഠിതമായ ഒരു പ്രപഞ്ചവീക്ഷണം കിട്ടിയത്.

ന്യൂട്ടന്റെയും, ഫോയർസാക്കിന്റെയും കേവലഭൗതികവാദവും ഹെഗലിന്റെ വൈരുദ്ധ്യാത്മകആശയവാദവും യുക്തിയുടേയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ കൂട്ടിയിണക്കിയാണ് Dialectical Materialism എന്ന വീക്ഷണത്തിന് രൂപം കൊടുത്തത്.

## വസ്തുക്കളുടെ ചലനം

എല്ലാ വസ്തുക്കളും ചലിക്കുന്നു. ഒന്ന് ചലിക്കുന്നു എന്നു ബോദ്ധ്യമാകുന്നത് അത് മറ്റേതിനെ അപേക്ഷിച്ച് സ്ഥാനം മാറുമ്പോഴാണ്. ഈ സ്ഥാനാന്തരണം മാത്രമല്ല ചലനം. അത് ചലനത്തിന്റെ ഒരു രൂപമാണ്. അളവിലുള്ള മാറ്റം സംഖ്യാപരമായ മാറ്റം രാസപരിണാമം ഇവയൊക്കെ ചലനമെന്ന പ്രക്രിയയിൽ ഉൾപ്പെടുന്നു.

ന്യൂട്ടന്റെ മൂന്ന് ചലന നിയമങ്ങൾ അവയെ ക്രോഡീകരിക്കുമ്പോൾ,—

1) വിപരീതങ്ങളുടെ ഐക്യസമരനിയമം

2) അളവിന്റെയും ഗുണത്തിന്റെയും പരസ്പര രൂപാന്തരണനിയമം

3) നിഷേധത്തിന്റെ നിഷേധനിയമം എന്നിങ്ങനെയായിത്തീരുന്നു.

ഒന്നാമത്തെ നിയമം പ്രപഞ്ചത്തിന്റെ സാർവ്വത്രികബന്ധങ്ങളുടെയും വളർച്ചയുടെയും അടിസ്ഥാനം വ്യക്തമാക്കുന്നു. ഏതൊരു വസ്തുവിലും രണ്ടു വിപരീതങ്ങളുണ്ടായിരിക്കും തികച്ചും രണ്ടു വ്യത്യസ്തമെന്നപോലെ അവ രണ്ടും താല്കാലികഐക്യത്തിൽ നിലനിൽക്കുകയും ചെയ്യുന്നു. ഇവയെത്തമ്മിൽ വേർപെടുത്താനാവാത്തതുപോലെ ഇവയിലൊന്നിനു മാത്രമായി നിലനില്പുമില്ല ഈ വേർപെടുത്തനാവാസ്ഥയെ വിപരീതങ്ങളുടെ ഐക്യമെന്നു വിളിക്കാം ഉദാ:— ഒരു കാന്തത്തിന്റെ N-S ധ്രുവങ്ങൾ കാന്തത്തിലെ പരമാണുക്കളുടെ ഒരു പ്രത്യേക സംയോജനം മൂലമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഈ ധ്രുവങ്ങൾ പരസ്പര വിരുദ്ധങ്ങളാണെന്നപോലെ അവയെ വേർപെടുത്താൻ അസാദ്ധ്യവുമാണ്.

രണ്ടാം നിയമം വിപരീതങ്ങളുടെ സമരം എപ്രകാരം നടക്കുന്നു, ഏതു വിധത്തിൽ വികാസം സംഭവിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ഒരു വസ്തുവിനെ മറ്റൊന്നിൽനിന്ന് വേർതിരിച്ചറിയാനുള്ള പ്രധാനമായ മാനദണ്ഡമാണ് ''ഗുണം'' Eg: ഹിമത്തിന്റെ തണുപ്പ്, വെള്ളത്തിന്റെ ദ്രാവക ഗുണം വസ്തുവിലടങ്ങിയ പല ഗുണങ്ങളെയും വ്യാപ്തം, ശക്തി മുതലായവ സംഖ്യാബലത്തിൽ കാണിക്കുന്നതാണ് അളവ്. വസ്തുവിന്റെ അളവിലുണ്ടാകുന്ന ചെറിയ മാറ്റം ഗുണത്തെ ബാധിക്കാനിടയാകില്ല. പക്ഷേ അളവിൽ സാരമായ മാറ്റം സംഭവിക്കുമ്പോൾ അത് വസ്തുവിന്റെ ഗുണത്തെ മാറ്റുകയും അവസാനം വസ്തുതന്നെ മാറുകയും ചെയ്യുന്നു.

## ഭൗതികശാസ്ത്രം


Eg: വെള്ളത്തിന്റെ ചൂടിന്റെ അളവിലുള്ള മാറ്റം ചെറുതാണെങ്കിൽ വെള്ളത്തിന്റെ ദ്രവ്യഗുണത്തിന് മാറ്റമില്ല പക്ഷേ ചൂടു 100°c യിലെത്തുമ്പോൾ വെള്ളത്തിന്റെ ദ്രവ്യഗുണം മാറി വാതകമായി മാറുകയും വസ്തുവിന്റെ രൂപം ആകെ മാറി ആവിയാവുകയും ചെയ്യുന്നു.

## രസതന്ത്രം : ഓക്സിജൻ

മൂലകത്തിന്റെ പരമാണുവിൽ രണ്ട് പ്രോട്ടോണുകളുണ്ടായിരിക്കും പരമാണു കേന്ദ്രത്തിലെ പ്രോട്ടോണുകളുടെ എണ്ണം മൂന്ന് ആയി തീരുമ്പോൾ വാതകത്തിന്റെ ഗുണം അപ്പാടെ മാറി ഓസോൺ എന്ന പുതിയ വാതകമായി തീരുന്നു.

## ജ്യോമട്രി

വ്യത്യസ്തമായ രണ്ട് ഭാഗത്തുനിന്നു വരുന്ന രേഖകൾ ഒരു ബിന്ദുവിൽ യോജിപ്പിച്ചാൽ പുതുതായി ഒരു ആംഗിളുണ്ടാകുന്നു.




ഈ മാററങ്ങളാവട്ടെ പടിപടിയായല്ല സംഭവിക്കുന്നത്. ഗുണപരമായ മാററം എടുത്തു ചാട്ടത്തിന്റെ (തുടർച്ചയായ ഒരു പ്രതിഭാസമായല്ല) രൂപമാണ്. കൈക്കൊള്ളുന്നത്.

അണുറിയാക്ടറിൽ Pegitharium, Uranium ആയും Plutonium ആയും മാറുന്നു. വികാസപ്രക്രിയയിൽ സൂക്ഷ്മവും സാവധാനത്തിലുള്ളതുമായ മാററങ്ങൾ അടിസ്ഥാനപരവും ഗുണപരവുമായ മാററത്തിലേക്ക് നയിക്കുന്നു. സാമൂഹ്യ പരിവർത്തനവും ഈ നിയമത്തിന് വിധേയമായി എടുത്തു ചാട്ടത്തിന്റെ രൂപത്തിലാണ് സംഭവിക്കുന്നത്.

മൂന്നാമത്തെ നിയമം പരിവർത്തനത്തിന്റെ സാമാന്യദിശയെ വ്യക്തമാക്കുന്നു. പഴയതു നശിക്കുകയും പുതിയതു് വളരുകയും ചെയ്യുന്നു. പഴയതിലെ പുരോഗമനസ്വഭാവം സംരക്ഷിക്കപ്പെടുകയും പുതിയൊന്നിന് അവ രൂപം കൊടുക്കുകയും ചെയ്യുന്നു. അതേസമയം പുതിയ ഈ വസ്തുവിൽത്തന്നെ അതിന്റെ നാശവും അടങ്ങിയിരിക്കുന്നു. പഴയതിന്റെ തളർച്ചയും പുതിയതിന്റെ വളർച്ചയും ''വികാസം'' എന്ന പേരിലറിയപ്പെടുന്നു. വികാസത്തിന്റെ കൂടപ്പിറപ്പായ നിഷേധം. നിഷേധം അതിന്റെ നിഷേധം വീണ്ടും ഇതാണ് പരിവർത്തനം ഇതിന് പദാർത്ഥപ്രപഞ്ചത്തിലെ ഏററവും നല്ല ഉദാഹരണമാണ് ആവർത്തനപട്ടിക (Mendeleyes table) Eg: ലിഥിയം എന്ന ആൽക്കലി ലോഹം അണുസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് ലോഹസ്വഭാവം കുറഞ്ഞ അലോഹമായ ഫ്ലൂറിനിലും നിർജ്ജീവവാതകമായ നിയോണിലുമെത്തുന്നു.

ആവർത്തനം പഴയതിന്റെ തിരിച്ചുവരവല്ലെന്ന് വ്യക്തമാണല്ലോ. പഴയതിന്റെ പുരോഗമനാംശം നിലനിർത്തിക്കൊണ്ടും ആവർത്തനപ്രകൃതി ഉള്ളതുകൊണ്ടും വികാസം ഒരു ചുററു കോണിയുടെ രൂപത്തിലാണ്.

## വൈരുദ്ധ്യാധിഷ്ഠിതം

ഒന്നാമത്തെ നിയമത്തിൽ വിവക്ഷിക്കപ്പെടുന്ന വൈരുദ്ധ്യത്തെക്കുറിച്ച് ചിന്തിക്കാം. എല്ലാ വസ്തുക്കളിലും പ്രതിഭാസങ്ങളിലുമടങ്ങിയ ആന്തരീക വൈരുദ്ധ്യമാണ് വസ്തുക്കളുടെ ചലനത്തിനടിസ്ഥാനമായ പ്രേരകബലം Eg: വെള്ളത്തിലെ തന്മാത്രകൾക്ക് ചലനസ്വഭാവമുണ്ട് അവ പുറത്തേക്ക് രക്ഷപ്പെടാൻ വെമ്പുന്നു. എങ്കിലും ഈ തന്മാത്രകൾ തമ്മിലുള്ള ആകർഷണം അവയെ പിടിച്ചു നിർത്തുന്നു ഈ ആകർഷണം ഉണ്ടായിരുന്നില്ലെങ്കിൽ ഖര ദ്രവവസ്തുക്കൾ ഉണ്ടാകുമായിരുന്നില്ല.

ചൂട് ഈ സമനില തെററിക്കാനുള്ള ബാഹ്യപ്രേരണ (രണ്ടാമത്തെ നിയമം) യായി വർത്തിക്കുന്നു. അതു് ആവിയാകുന്നു. അളവിലുള്ള മാററം ഗുണത്തിലുള്ള മാററമായുള്ള രൂപാന്തരണമായി വർത്തിക്കലും ഉണ്ടായിരുന്നില്ലെങ്കിൽ രൂപം (വസ്തുക്കളുടെ) ഒരിക്കലും മാറില്ലായിരുന്നു. സമൂഹത്തിന്റെ ഉല്പാദനശക്തികൾ മാറുന്നു പക്ഷേ എല്ലാ ഉല്പാദനബന്ധങ്ങൾക്കും സുസ്ഥിരമായി നിലനില്ക്കാനുള്ള പ്രേരണ ഉണ്ട്. എങ്കിലും ഉല്പാദനശക്തികൾ തമ്മി

ലുള്ള വൈരുദ്ധ്യം മൂർച്ഛിക്കുകയും പഴയ ഉല്പാദന ബന്ധങ്ങൾ തകരുകയും അവയുടെ പുതിയ രൂപങ്ങൾ സംജാതമാകുകയും ചെയ്യുന്നു. അടിമ–ഉടമ ബന്ധങ്ങളിൽ അടിമയും ഉടമയും തമ്മിലുള്ള ബന്ധങ്ങൾ മൂർച്ഛിക്കുകയും അവ ഫ്യൂഡൽ രൂപത്തിലേക്കും പിന്നീട് മുതലാളിത്ത രൂപത്തിലേക്കും വളരുന്നു. മുതലാളിത്തത്തിന്റെ ഉല്പാദനോപകരണങ്ങൾ കൈവശമുള്ള മുതലാളികളും അദ്ധ്വാനശേഷി മാത്രം കൈമുതലായുള്ള തൊഴിലാളികളും തമ്മിലുള്ള വൈരുദ്ധ്യം. കൂടുതൽ ലാഭത്തിനുള്ള മുതലാളിയുടെ ഇച്ഛയും അദ്ധ്വാനത്തിന് കൂടുതൽ വില കിട്ടാനുള്ള തൊഴിലാളികളുടെ ഇച്ഛയും മൂർച്ഛിക്കുന്നു.

തൊഴിലാളികളുടെ സംഖ്യാപരമായ എണ്ണം കൂടുകയും സമൂഹത്തിലെ ഒരു ശക്തിയുടെ അളവിലുള്ള ഈ മാററം സമൂഹത്തിലെ ഉല്പാദനബന്ധങ്ങളുടെ ഗുണത്തിലുള്ള ഒരു മാററമായി ഒരെടുത്തു ചാട്ടമായി, തൊഴിലാളികളുടെ അധികാരം പിടിച്ചുപററലായി രൂപാന്തരപ്പെടുകയും സോഷ്യലിസ്റ്റ് സാമൂഹ്യക്രമം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

നിലവിലുള്ള പദാർത്ഥരൂപങ്ങളെ കൈവെടിഞ്ഞ് ആത്യന്തികസത്യം, അന്വേഷിക്കുമ്പോൾ പരമാണുക്കളുടെ അതി സൂക്ഷ്മകണികകളും അവയുൾക്കൊള്ളുന്ന ഊർജ്ജവുമല്ലാതെ യാതൊന്നും പ്രപഞ്ചത്തിൽ അനശ്വരമായിട്ടില്ലെന്ന് മനസ്സിലാവുന്നു.

ഇവയുടെ പല തരത്തിലുള്ള സംയോജനങ്ങൾ പുതിയ പ്രതിഭാസങ്ങളെ സൃഷ്ടിച്ചു; സൃഷ്ടിക്കുന്നു; സൃഷ്ടിക്കും. താല്ക്കാലികമായ ഈ പ്രതിഭാസങ്ങൾ മാറി പുതിയവ വീണ്ടും സൃഷ്ടിക്കപ്പെടുന്നു. ആത്യന്തികമായ ഉത്ഭവവും നാശവുമില്ല. പദാർത്ഥോർജ്ജങ്ങളുടെ ഉപരിപ്ലവപരമായ ഒരു പരിവർത്തനം മാത്രമാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നതും.